# മലങ്കര ഇടവകാ പത്രിക

പുസ്തകം ൧൧] ൧൯൦൨ റൊ.ഭയാർ [ലക്കം ൪


മംഗളം.

ഭാഷിക്കുന്നീപ്പിവിന്റെ വചനമതുപരം പൂർണ്ണമാക്കിച്ചമകാൻ,
ദാഹിക്കുന്നങ്ങിനിക്കെന്നഴകിനൊടു പറഞ്ഞോരുനേരത്ത ദുഷ്ടർ,
മോഹംപൂണ്ടും കുടിപ്പാൻകറിനമൊടു കൊടുക്കുന്നൊരീകാടിവെള്ളം.
സ്നേഹത്തോടൊത്ത വാങ്ങുന്നൊരഖിലപതി തൻമംഗളം നൽകിടട്ടെ.
നടകൽ വർക്കി.

## ആത്മോപകാരി.

ഈ പേരിൽ ഒരു മാസികാ പത്രം മംഗലപുരത്തു നിന്നും പ്രസിദ്ധം ചെയ്വാൻ തുടങ്ങിയിട്ടു വളരെ കാലമായിരിക്കുന്നു. അതിന്റെ പുറപ്പാടു വടക്കെ മലയാളത്തുനിന്നാണെങ്കിലും അതിന്റെ പത്രാധിപർ ചർച്ചമിഷ്യൻ സമുദായത്തോടു ചേന്ന ഒരു നാട്ടുപട്ടക്കാരനാണു. പത്രം അതിന്റെ പേരിൻപ്രകാരം ആത്മാക്കൾക്കു ഉപകാരം ചെയ്യുന്ന പ്രമേയങ്ങളെ പ്രതിവാദിക്കുന്നതായിരുന്നു. കുറെനാളായി അതിന്റെ ഭാവം മാറിയിട്ടു സുറിയാനി ഉപദേശാചാരങ്ങളെ ആക്ഷേപിക്കുന്ന ഒരു ആയുധമാകണമെന്നു അതിന്റെ പത്രാധിപക്കു ഉദ്ദേശം ഉള്ളതായി അടുത്തുകാലങ്ങളിലെ ചില ഉപന്യാസങ്ങൾ കൊണ്ടു അനുമാനിക്കേണ്ടിയിരിക്കുന്നു. തക്കവിഷയങ്ങളിൽ പ്രവേശിക്കാതെ കേവലം ആത്മവിഷയങ്ങളെക്കുറിച്ചു മാത്രം പ്രസംഗം നടത്തിവന്നതിനാൽ പലക്കും അതിനെപ്പറ്റി ഒരുവക തൃപ്തിയും പലരുടെയും ആകർഷണവും ഉണ്ടെന്നു കണ്ടപ്പോൾ ആ നല്ല പേരൊടുകൂടെ മതവിപരീതങ്ങളെ പ്രകടിപ്പിച്ചാൽ വായനക്കാരെ വശീകരിക്കുവാൻ എളുപ്പമുണ്ടെന്നുള്ള ഒരു അഗാധബുദ്ധിയാണു ആ പത്രാധിപർ കണ്ടുപിടിച്ചിരിക്കുന്നതെന്നു തോന്നുന്നു. അതിനാൽ ഇപ്പോഴത്തെ ആത്മോപകാരി ആത്മാപഹാരിയാകുവാൻ ഭാവിക്കയാണെന്നുള്ള വിചാരം സുറിയാനി വായനക്കാരുടെ മനസ്സിൽ ഇരിപ്പാൻവേണ്ടി ഞങ്ങൾ അല്പം പറയുന്നു. ഈയിടെ ഒരു ആത്മോപകാരിയിൽ താഴെ എഴുതുന്ന വാചകങ്ങൾ ഞങ്ങൾ വായിക്കയുണ്ടായി.

സ്വജീവനിൽ ആശ്രയിക്കുന്നവൻ "വിശ്വാസംമൂലം രക്ഷ എന്ന സാരമായ സുവിശേഷോപദേശം കേട്ടവരാകയാൽ രക്ഷയ്ക്കു വിശ്വാസവും പ്രവൃത്തിയും രണ്ടും ആവശ്യമാകുന്നു എന്ന വ്യർത്ഥ വാദി

ച്ചുകൊള്ളുന്നു......ക്രിസ്ത്യാനികൾ എന്ന പേർപെട്ടവരിൽ എത്രയോ പേർ നൊമ്പു നൊല്ക്കുകയും ദിവസം ഒരു നേരം മാത്രം ഭക്ഷിക്കയും വളരെ പട്ടിണി കിടക്കയും ചെയ്യുന്നു. ചുരുങ്ങിയ ഭക്ഷണം കൊണ്ടു തൃപ്തിപ്പെടാത്ത വയറിനെ കച്ചപാറു മുറുക്കിച്ചുററി അനുസരിപ്പിക്കുന്നു. സ്നേഹിതാ ഈ നിന്റെ പ്രവൃത്തികൾ എല്ലാം വൃത്ഥം. രക്ഷ ദൈവത്തിന്റെ സൌജന്യദാനം. അതിനുവേണ്ടുന്ന സകലവും യെശു താൻതന്നെ അന്യസഹായം യാതൊന്നും കൂടാതെ ചെയ്തു മുഴുവനാക്കിയിരിക്കുന്നു. അതിനെ മുഴുവനാക്കത്തക്കവണ്ണം നീ ഇനി ചെയ്യെണ്ടതായി യാതൊന്നും ശേഷിക്കുന്നില്ല......യഹൂദ ദേവാലയത്തിലെ കർമ്മാദികളുടെ ശൂന്യങ്ങൾ ഇപ്പൊഴും ചില സഭകളിൽ കണ്ടുവരുന്നതു അശേഷം ഉപേക്ഷിപ്പാനുള്ളതെന്നു സുവിശേഷത്തിന്റെ തെളിഞ്ഞ പ്രകാശത്താൽ ഇക്കാലത്തു പലക്കും വിശദമായി ബോധപ്പെട്ടതിന്റെശേഷവും ഉപേക്ഷിക്കാതെ പിടിച്ചുകൊണ്ടിരിക്കുന്നതും നിശളംകൊണ്ടുതന്നെ......അവക്ക് തങ്ങളുടെ സ്വജീവനെ പ്രസാദിപ്പിക്കെണ്ട ആവശ്യത്തിനായി ഭക്ഷണം ഉറക്കം സുഖം ഇത്യാദികളെ മനസ്സോടെ വെടിയുന്നതിനു ഒരുക്കം തന്നെ".

ഇതിൽ എത്രത്തോളം അസംബന്ധങ്ങളും അബദ്ധങ്ങളും യുക്തിവിരുദ്ധങ്ങളും ഉണ്ടെന്നു അല്പം ആലോചിച്ചാൽ അറിയാം.

൩. വിശ്വാസം മൂലം രക്ഷ എന്നൊരു വാക്യം ഉള്ളതുകൊണ്ടു രക്ഷെക്കു വിശ്വാസത്തോടുകൂടി പ്രവൃത്തിയും ആവശ്യമാണെന്നു പറയുന്നവരുടെ അഭിപ്രായത്തെ ഈ എഴുത്തുകാരൻ ആക്ഷേപിക്കുന്നു. വേദവാക്യം എന്തു പറയുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു". എന്നു വച്ചാൽ നീതി പ്രവൃത്തിക്കുന്നവൻ രക്ഷിക്കപ്പെടുന്നതു വിശ്വാസംമൂലമെന്നാകുന്നു. അതിനാൽ വിശ്വാസം പാപത്തിൽ ജീവിക്കുന്നവനെ അല്ലാ നീതി പ്രവൃത്തിക്കുന്നവനെയാണ ജീവിപ്പിക്കുന്നതു എന്ന വരുന്നു. നീതിയിൽ ആശ്രയിക്കരുതെന്നല്ലാതെ രക്ഷെക്കു നീതി ആവശ്യമില്ലെന്നല്ല, നീതി അത്യാവശ്യമെന്നു ഇതുകൊണ്ടു കാണാം. വിശ്വാസത്തിനു പുറത്തു ജീവിച്ച ഒരു പുറജാതിക്കാരൻ ഞാൻ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചപ്പൊൾ കർത്താവായ യെശുവിൽ വിശ്വസിക്ക എന്ന പൌലൊസു അവനൊടു ഉപദേശിച്ചതായി കാണുന്നു. എന്തുകൊണ്ടു? അവൻ സഭെക്കുപുറമെ ഉള്ളവൻ ആയിരുന്നതുകൊണ്ടു അവൻ ആദ്യമായി ചെയ്യെണ്ടതു യെശുവിൽ വിശ്വസിക്കയാണെന്നു കാണിച്ചുകൊടുത്തു. സഭയിൽ ഉൾപ്പെട്ട ഒരുത്തൻ രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യെണമെന്നു ചോദിച്ചപ്പൊൾ കർത്താവു പറഞ്ഞ മറുപടി "നീ ന്യായപ്രമാണങ്ങളെ ആചരിക്ക" എന്നായിരുന്നു. എന്തുകൊണ്ടു? അവൻ വിശ്വാസം ഉള്ളവനായിരുന്നു. പ്രവൃത്തി മാത്രം കുറവായിരുന്നു. അതിനാൽ രക്ഷയെ സംബന്ധിച്ചു വിശ്വാസം എന്നുള്ള ഒററപദം പുറജാതികളൊടു ഉപദേശിക്കെണ്ടതും ക്രിസ്ത്യാനികളൊടു വിശ്വാസവും പ്രവൃത്തിയും കൂടെ ചേർത്തു ഉപദേശിക്കെണ്ടതുമാണെന്നു വരുന്നു.

പ്രവൃത്തിയെ സംബന്ധിപ്പിക്കാതെ കേവലം വിശ്വാസത്തെ മാത്രം ആശ്രയിക്കുന്ന ഒരു സഭ ക്രിസ്തു സ്ഥാപിക്കയൊ താൻ പഠിപ്പിക്കയൊ താൻ പ്രവൃത്തിച്ചു കാണിക്കയൊ ചെയ്തിട്ടില്ല. ചില ദൃഷ്ടാന്തങ്ങൾ കേട്ടാലും.

ആദ്യമായിതന്നെ നീ ക്രിസ്ത്യാനിയായതു എങ്ങിനെയെന്നു ചോദിച്ചാൽ, വിശ്വസിച്ചു മാമ്മോദീസാ മുഴുകിയതുകൊണ്ടാണെന്നു ഉത്തരം പറയണം. വിശ്വസിച്ചാൽ പോരാ. മാമ്മോദീസാ എന്ന ഒരു പ്രവൃത്തി കൂടെ ഉണ്ടെങ്കിലെ നീ ക്രിസ്ത്യാനി ആകു. അപ്പോൾ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം തന്നെ വിശ്വാസത്തിന്മേലും പ്രവൃത്തിമേലും കൂടെ സ്ഥാപിച്ചിരിക്കുന്നു. രക്ഷയ്ക്കു ഏക വഴിയാകുന്ന കർത്താവിന്റെ മരണം നീ അനുഭവമാക്കുന്നതു എങ്ങിനെ എന്നുള്ള ചോദ്യത്തിനു വിശ്വാസത്തോടുകൂടെ ശുദ്ധ കുർബ്ബാനയെ ഉൾക്കൊണ്ടിട്ടാണെന്നു മറുപടി പറയും. ഇവിടെയും വിശ്വാസം പോരാ. കുറെ അപ്പവും കുറെ വീഞ്ഞും കൊണ്ടുവന്നു വച്ചിട്ടു അതിന്മേൽ ചില ക്രിയകൾ നടത്തി വായ് കൊണ്ടനുഭവിക്കണം. വിശ്വാസത്താൽ മാത്രം മതിയാകുന്നില്ല. കേവലം വിശ്വാസം മാത്രം മതിയെന്നു പറയുന്ന മൂഢന്മാർ മാമ്മോദീസായും കുർബാനയും എന്തിനാചരിക്കുന്നു. "പ്രവൃത്തി മൂലം ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല" എന്നുള്ള വാക്യം ഏതുകോണിൽ വച്ചേച്ചാണ നമ്മുടെ ആത്മോപകാരി പത്രാധിപർ മാമ്മോദീസാ മുക്കുകയും സക്രമെന്തു കഴിക്കയും ചെയ്യുന്നതെന്നാലോചിച്ചാൽ അയാളുടെ അറിവുകേടു വ്യക്തമായി കാണാം. ഇതിനെക്കുറിച്ചു ആലോചിക്കുമ്പോൾ മാമ്മോദീസായും കുർബാനയും പ്രത്യേകം കർത്താവു കല്പിച്ചവയാണെന്നു സമാധാനം പറയും. നൊയമ്പും താൻ കല്പിച്ചവയാണെന്നു വേദപുസ്തകം തുറന്നു നോക്കിയാൽ കാണാം. മാമ്മോദീസായെക്കുറിച്ചുള്ള കല്പന മാത്രം ആചരിക്കപ്പെടേണ്ടതും മറ്റേതു നിഷേധിക്കപ്പെടേണ്ടതുമാണെന്നു ശരീരത്തിൽ എന്നപോലെ ആത്മാവിലും അംഗവൈകല്യമുള്ളവർക്കല്ലാതെ തോന്നുകയില്ല.

ഇനി വേറൊരു സംഗതികൂടെ ആലോചിക്കാം. എത്രയൊ കുരുടന്മാരും മുടന്തന്മാരും രോഗികളും കർത്താവിന്റെ സന്നിധിയിൽ വന്നു സ്വസ്ഥതപ്രാപിച്ചു. താൻ അവരെ സ്വസ്ഥനാക്കുവാൻ ശക്തനെന്നു അവർ വിശ്വസിച്ചു. താൻ ഹൃദയങ്ങളെ അറിയുന്നവനാകയാൽ അവരുടെ വിശ്വാസം താൻ ഉടൻതന്നെ അറികയും ചെയ്തു. എന്നിട്ടും അവർ തങ്ങളുടെ വിശ്വാസത്തെ വചനത്താലൊ പ്രവൃത്തിയാലൊ ലക്ഷ്യപ്പെടുത്തിയതിൽപിന്നെ മാത്രമെ താൻ അവരെ സുഖപ്പെടുത്തിയുള്ളു. അതിനാലും കേവലം വിശ്വാസം മാത്രം പോരാ, വിശ്വാസത്തെ പ്രവൃത്തിയാൽ ലക്ഷ്യപ്പെടുത്തണമെന്നു നാം പഠിക്കണം. എന്നാൽ രക്ഷയ്ക്കു വിശ്വാസത്തോടുകൂടെ പ്രവൃത്തിയും ആവശ്യമാണ. എങ്കിലും പ്രവൃത്തിക്കുന്നവൻ തന്റെ പ്രവൃത്തിമേൽ ആശ്രയിക്കാതെ ഞാൻ അയോഗ്യ പാത്രമാണെന്നു തന്നെക്കുറിച്ചുതന്നെ എളിമയിൽ വിചാരിക്കണം എന്നാണ വേദവാക്യങ്ങളുടെ താല്പര്യം.

അബ്രാഹം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്നു ശ്ലീ. പൌലൂസും, അല്ല പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു എന്നു ശ്ലീ. യാക്കോബും പറയുന്നു. നമ്മുടെ ആത്മോപകാരി കൎത്താവിന്റെ അഭിപ്രായപ്രകാരം യാക്കോബശ്ലീഹാ കല്പിക്കുന്നതു അബദ്ധമായിരിക്കണം. എന്നാൽ രണ്ടും സത്യവു രണ്ടും ഒന്നുതന്നെയുമാകുന്നു. എന്തെന്നാൽ അബ്രാഹം ആദ്യമായി വിശ്വസിച്ചു, അനന്തരം തന്റെ പുത്രനെ ബലിപീഠത്തിന്മേൽ പ്രവേശിപ്പിച്ചപ്പോൾ ആ വിശ്വാസം പ്രവൃത്തിയാൽ ലക്ഷ്യപ്പെടുത്തി. വിശ്വാസവും പ്രവൃത്തിയും ഒരു സമയത്തല്ല അവനിൽ ഉണ്ടായതും. വിശ്വസിച്ചതിനാൽ ആണു ഇസഹാക്കിനെയുംകൊണ്ടു മോറിയാ മലയിലേക്കു പുറപ്പെട്ടതു. എങ്കിലും അപ്പോൾ അവൻ നീതീകരിക്കപ്പെട്ടില്ല. അബ്രഹാം എന്ന സ്ഥാനപ്പേരും മുദ്രയും കിട്ടിയുമില്ല. ഇസഹാക്കിനെ ബലിപീഠത്തിന്മേൽ എപ്പോൾ കരേററിയോ അപ്പോൾ അവൻ നീതീകരിക്കപ്പെട്ടു. "സുവിശേഷത്തിന്റെ തെളിഞ്ഞ ഉപദേശം" ഇപ്രകാരമാണു. അല്ലാതെ ആത്മോപകാരി സ്വപ്നം കണ്ടതുപോലെയല്ല.

൮. നൊമ്പു നോക്കുന്നതാണു നമ്മുടെ പാദ്രി പത്രാധിപർ കണ്ടുപിടിച്ച വേറൊരു വലിയ തെററു. ഇദ്ദേഹം വേദവാക്യം വായിച്ചിട്ടു നൊമ്പിനു അനുകൂലമായി ഒരു സാക്ഷിയും കണ്ടില്ലെന്നു തോന്നുന്നു. നമ്മുടെ കൎത്താവു നാല്പതു ദിവസം ഉപവസിച്ചതു പട്ടിണികിടന്നും ഭക്ഷണം ഉപേക്ഷിച്ചും ആയിരുന്നു. മണവാളൻ എടുക്കപ്പെട്ടപ്പോൾ തോഴമക്കാർ ഉപവസിക്കുമെന്നു താൻ കല്പിച്ചതിന്റെ അൎത്ഥം വയർനിറെ തിന്നേച്ചെന്നല്ല ധരിക്കേണ്ടതു. ശുദ്ധ പൌലൂസ ശ്ലീഹാ പട്ടമേററതു ആത്മോപകാരി പത്രാധിപർ പട്ടമേററതുപോലെ മൂക്കറെറാ ഉണ്ടേച്ചല്ലായിരുന്നു. എന്നു നടപ്പു പുസ്തകം സ്പഷ്ടമായി നമ്മെ പഠിപ്പിക്കുന്നു. നൊമ്പിനെ നിന്ദിക്കുന്ന ഈ വിദ്വാൻ ഏതു സഭയുടെ പട്ടക്കാരൻ എന്നു ഭാവിക്കുന്നുവൊ ആ അംഗ്ലിയാസഭ ഭക്ഷണം വെടിഞ്ഞും ചുരുക്കിയുമുള്ള ഉപവാസത്തെ എത്ര വിലമതിക്കുന്നു എന്നറിവാൻ അവരുടെ മതസംഗതിയായി അംഗീകരിച്ചിരിക്കുന്ന ഹൊമിലികൾ വായിച്ചാൽ കാണാം. കൎത്താവും ശ്ലീഹന്മാരും ഉപവാസം പ്രവൃത്തിയാൽ കാണിച്ചുതന്നു നമ്മെ പഠിപ്പിച്ചിരിക്കുന്നു. പൂൎവ്വപിതാക്കൾ അതിനെ പിന്തുടരുന്നു. സഭകൾ എല്ലാം അതിനെ പിന്താങ്ങുന്നു. അവരുടെ ദൈവം അവരുടെ വയറാകുന്നു എന്നു ശ്ലീഹാ ആരെക്കുറിച്ചു പറയുന്നുവൊ ആ ആളുകളുടെ ആത്മാവിൽ ജീവിക്കുന്നവർ ഉപവാസത്തെ ആക്ഷേപിക്കയും ചെയ്യുന്നു. വായനക്കാരാ നമുക്കു ആശ്രയം വയറല്ലെന്നു നീ പ്രത്യേകം ഓൎക്ക.

൯. രക്ഷയ്ക്കു വേണ്ടതെല്ലാം കൎത്താവു താൻ തന്നെ ചെയ്തിരിക്കുന്നതിനാൽ ഇനി നാം ചെയ്യേണ്ടതായി ഒന്നും ശേഷിച്ചിട്ടില്ലാ എന്നുകൂടെ ഈ വിദ്വാൻ ഒരഭിപ്രായം പറഞ്ഞിരിക്കുന്നു. ഇയാൾതന്നെ പിന്നാലെ വേറൊരു ഭാഗത്തു "നിന്റെ കുരിശെടുത്തുംകൊണ്ടു എന്റെ പിന്നാലെ വരിക" എന്നൊരു വാക്യംകൂടെ എടുത്തുപറയുന്നു

ണ്ടു. നാം ചെയ്യേണ്ടതായി ഒന്നുമില്ലെങ്കിൽ കുരിശെടുത്തുംകൊണ്ടു ചെല്ലണമെന്നു പറഞ്ഞതിൻെറ അൎത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. കുരിശു എന്നുവച്ചാൽ കഷ്ടാനുഭവമെന്നാണു വേദത്തിൽ കാണുന്ന അൎത്ഥം. അതിനാൽ നാം ചെയ്യേണ്ടതായി ഏതാണ്ടെല്ലാം താൻ ശേഷിപ്പിച്ചിട്ടുണ്ടെന്നു ധാരാളം കാണാം. രക്ഷയ്ക്കു ആവശ്യപ്പെട്ടവയെല്ലാം താൻ നിവൎത്തിച്ചിട്ടുണ്ടെന്നുള്ളതു സത്യംതന്നെ. എങ്കിലും അതുകൊണ്ടു മാത്രം നമുക്കു അതനുഭവമാകയില്ല. നമുക്കനുഭവമാകണമെങ്കിൽ നാം നമ്മുടെ കുരിശെടുക്കണം. രക്ഷയ്ക്കു വിശ്വാസത്തോടു കൂടെ പ്രവൃത്തികൂ. ആവശ്യമാണെന്നു സുറിയാനിക്കാർ പറയുന്നതിൻെറ താല്പൎയ്യം ഇതുതന്നെയാണ. നാം കുരിശെടുക്കണം. എന്നുവച്ചാൽ കൎത്താവു നമുക്കുവേണ്ടി കഷ്ടതകൾ സഹിച്ചതുപോലെ തൻെറ നിമിത്തം നാമും കഷ്ടപ്പെടണം. താൻ ഉപവസിച്ചെങ്കിൽ നാമും ഉപവസിക്കണം. താൻ വിശന്നെങ്കിൽ നാമും വിശക്കണം. താൻ ഉറക്കമൊഴിഞ്ഞെങ്കിൽ നാമും ഉറക്കമൊഴിയണം. ചോറും കറിയും പാകം ചെയ്തുവച്ചിരുന്നാലും നാം ഉരുട്ടി ഉണ്ടെങ്കിലെ വയറു നിറയു. രക്ഷയ്ക്കു നാം ചെയ്യേണ്ടതായി ഒന്നും ശേഷിച്ചിട്ടില്ലെന്നു വ്യാജം പറഞ്ഞു പരമാൎത്ഥികളായ ക്രിസ്ത്യാനികളെ പഠിപ്പിച്ചു ഈ സാധുക്കളുടെ രക്ഷ നഷ്ടപ്പെടുത്തുന്നവൎക്കു കഷ്ടം. ഇതിൽനിന്നു പിന്തുടരുന്നതു എന്തെന്നു വച്ചാൽ. ആദാം പാപം ചെയ്തതിനാൽ മനുഷ്യനിൽ പാപം പ്രവേശിച്ചു എന്നും ശിശുക്കൾപോലും അവർ മനസ്സറിയാതെയും അവരുടെ പ്രവൃത്തി കൂടാതെയും പാപത്തിൽ ജനിക്കുന്നു എന്നും നാം വിശ്വസിക്കുന്നു. അപ്രകാരംതന്നെ രണ്ടാമത്തെ ആദാമിനാൽ രക്ഷയുണ്ടായി. പാപത്തിൻെറ പ്രവേശനം ഒരു പിതാവിൻെറ പ്രവൃത്തിയിൽനിന്നുണ്ടായി എങ്കിൽ, രണ്ടാമത്തെ പിതാവിൻെറ പ്രവൃത്തിയിൽ നിന്നു പാപം അശേഷം നീങ്ങിയിരിക്കുന്നതിനാൽ നമുക്കു ഇനി പാപത്തെക്കുറിച്ചു ഒന്നും വിചാരിപ്പാനില്ലെന്നും നാം അങ്ങിനെ ജീവിച്ചാലും തരക്കേടില്ലെന്നും ഒരു യൂനൊമിയക്കാരൻ പറകയുണ്ടായി. രക്ഷയ്ക്കു നാം ചെയ്യേണ്ടതായി ഒന്നും ശേഷിച്ചിട്ടില്ലെന്നു പറയുന്ന പക്ഷം യൂനൊമിയക്കാരൻെറ ഈ നാശകരമായ അനുമാനം കൂടെ സമ്മതിക്കേണ്ടിവരുന്നു. ഇതു എത്ര ഭയങ്കരം.

൮. നമ്മുടെ ആത്മോപകാരി പത്രാധിപർ പറയുന്ന വേറൊരഭിപ്രായം സുവിശേഷത്തിൻെറ തെളിഞ്ഞ പ്രകാശം ഈ കാലത്തു പലക്കും ബോധപ്പെട്ടശേഷവും ചില സഭകളിൽ കൎമ്മാദികൾ പിടിച്ചുകൊണ്ടിരിക്കുന്നതു നിഗളംകൊണ്ടാണെന്നാകുന്നു. ഇങ്ങനെ എങ്കിൽ ഈ വിധം നിഗളികളിൽവച്ചു ഒന്നാമത്തെ നിഗളി ആത്മോപകാരി പത്രാധിപർതന്നെയാണ. എന്തെന്നാൽ രക്ഷയ്ക്കു വെള്ളത്തിൽകൂടി ഒരു മാമ്മോദീസായും, റൊട്ടിയിലും വീഞ്ഞിലും കൂടി ഒരു ഭോജനവും വേണമെന്നു ഒരു ദുശ്ശാഠ്യം സുവിശേഷത്തിൻെറ തെളിഞ്ഞ പ്രകാശം ഉദിച്ചിരിക്കുന്ന ഈ കാലത്തു വിടാതെ അദ്ദേഹവും പിടിച്ചിരിക്കുന്നതു ഏതു മാത്രകയിൽ ഉള്ള നിഗളമാണെന്നു ഞങ്ങൾക്കു പറ

വാൻ പ്രയാസം. സുവിശേഷത്തിന്റെ പ്രകാശം മങ്ങുമ്പോൾ ആണ രക്ഷയ്ക്കു ജീവനില്ലാത്തതും പ്രവൃത്തി കൂടാത്തതുമായ വിശ്വാസം മാത്രം മതിയെന്നു തോന്നുന്നതു. സുവിശേഷ പ്രകാശം ഉദിച്ചുദിച്ചു വരുന്ന ഈ കാലത്തു അംഗ്ലിയാസഭ തന്നെ കർമ്മാചാരങ്ങളെ നാൾക്കുനാൾ അംഗീകരിച്ചുവരുന്നതായി ഈ കാലത്തെ അംഗ്ലിയാസഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾകൊണ്ടു മാത്രം കാണാവുന്നതാണ. സുവിശേഷം പ്രകാശിക്കുന്തോറും അംഗ്ലിയാസഭയിൽ കർമ്മാചാരങ്ങൾ വർദ്ധിച്ചുവരുന്നു എന്നുള്ളതു സർവസമ്മതമായ കാര്യമാണ. സുറിയാനിസഭയിൽനിന്നു കർമ്മാചാരങ്ങൾ നീങ്ങാത്തതാണ നമ്മുടെ ഉപകാരിയുടെ മനസ്സിൽകിടന്നു ചുററുന്ന വ്യസനം.

൫. ഇനി നമ്മുടെ പ്രസംഗിയുടെ ഒരു യുക്തിവിരുദ്ധം, ഭക്ഷണം, സുഖം മുതലായവ സ്വജീവനെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ഉപേക്ഷിക്കുന്നു എന്നു പറയുന്നതിൽ കാണാം. "കർമ്മഭക്തിയിൽ ആശ്രയിച്ചു പ്രവർത്തിക്കുന്ന ആളുകൾ തങ്ങളുടെ സ്വന്ത ജഡത്തെ പ്രസാദിപ്പിക്കയാകുന്നു" എന്നു പറഞ്ഞിട്ടു നൊമ്പുനോക്കയും ഭക്ഷണം സുഖം മുതലായവ വെടികയും ചെയ്യുന്നതു സ്വജീവനെ പ്രസാദിപ്പിക്കുന്നതിനാണെന്നു പറയുന്നതു എത്ര യുക്തിവിരുദ്ധമാണെന്നു ആർക്കും പ്രത്യക്ഷത്തിൽ അറിയാവുന്നതാണ. ഭക്ഷണവും നിദ്രയും ജഡത്തിന്റെ തൃപ്തിക്കു ആവശ്യങ്ങളായിരിക്കെ, അവ വെടിയുന്നതു ജഡതൃപ്തിക്കാണെന്നുള്ള യുക്തി പറയുന്ന ഭോഷന്മാർ വേറെ ഉണ്ടാകുമെന്നു തോന്നുന്നില്ല. വയറുനിറെ ഉണ്ണണമെന്നുള്ളതും വെളുക്കുവോളം ഉറങ്ങണമെന്നുള്ളതുമാണ ജഡമോഹം. അവയെ വെടിയുന്നതു ജഡത്തെ തൃപ്തിപ്പെടുത്തുവാനാണെന്നു പറഞ്ഞാൽ അതിൽപ്പരം അബദ്ധം മറെറാന്നുമില്ല. നമ്മുടെ ആത്മോപകാരി പത്രാധിപർക്കു ജഡമോഹങ്ങൾ ഇന്നതെല്ലാമെന്നു ഇതേവരെ മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. ആത്മാവിന്റെ മോഹങ്ങൾ ജഡത്തിന്റെയും ജഡത്തിന്റെ മോഹങ്ങൾ ആത്മാവിന്റെയും ആണെന്നാണ ആ സാധു മനസ്സിലാക്കിയിരിക്കുന്നതു. ഇത്രത്തോളം അന്ധകാരത്തിൽ ഇരിക്കുന്ന ആൾ ആത്മീയ കാര്യങ്ങളെക്കുറിച്ചു പറഞ്ഞാൽ അതിൽ എന്തു മാത്രം പിശകുണ്ടാകുമെന്നു പറയണമെന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, ജഡമോഹങ്ങൾ അദ്ദേഹത്തെ ഭ്രമിപ്പിക്കുന്നു. അവയെ തൃപ്തിപ്പെടുത്തുകയും വേണം രക്ഷ സമ്പാദിക്കയും വേണമെന്നാണ ആഗ്രഹം. രണ്ടിനെയും കൂടെ സമാധാനപ്പെടുത്തുവാൻ വേണ്ടി ജഡത്തിന്റെ മോഹങ്ങളെ ആത്മമോഹങ്ങളാക്കയും ആത്മമോഹങ്ങളെ ജഡമോഹങ്ങളാക്കയും ചെയ്യുന്നു. ഈ ദുഷ്ടമോഹത്തോടും ദുഷ്കണ്ണുകൊണ്ടും നോക്കുമ്പോൾ നൊമ്പു നോക്കുന്നതു ജഡത്തെ തൃപ്തിപ്പെടുത്താനാണെന്നും വയറുനിറെ ഉണ്ണുന്നതും കുംഭവർണ്ണനെ സേവിക്കുന്നതും ആത്മാവിനെ തൃപ്തിപ്പെടുത്താനാണെന്നും അദ്ദേഹത്തിനു തോന്നിപ്പോകുന്നു. അതിൽ ഒട്ടും ആശ്ചര്യപ്പെടുവാനില്ലന്നാണ അദ്ദേഹത്തിന്റെ സ്ഥിതിക്ക ഞങ്ങൾക്കു തോന്നുന്നതു.

ആകയാൽ സുറിയാനിവായനക്കാരെ! ആത്മോപകാരി ഇപ്പോൾ ആത്മാപഹാരിയായിത്തീർന്നു വരുന്നു എന്നുള്ള പരമാർത്ഥം മനസ്സിൽ വച്ചുംകൊണ്ടു വേണം അതിനെ വായിപ്പാൻ എന്നു ഞങ്ങൾ ഓർപ്പിച്ചുകൊള്ളുന്നു. അതിന്റെ നായകന്റെ കൌശലം ഇപ്പോൾ ചെമ്പു തെളിഞ്ഞിരിക്കുന്നു. കേവലം ആത്മീയങ്ങളെക്കുറിച്ചു മാത്രം പ്രതിവാദിക്കുന്ന ഒരു പത്രമാണെന്നു ഭാവിക്കയും അങ്ങിനെ ഒരുവിധം ആളുകളെ ധരിപ്പിക്കയും ചെയ്തശേഷം ഇപ്പോൾ അതു തന്റെ നിലവിട്ടു സത്യസുറിയാനിക്കാരെ വശീകരിക്കുന്നതിനുള്ള ആയുധങ്ങളെ പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നതിനാൽ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ.

---

### ൧൦൭൬ മേടത്തിലെ വൈദികസംഘത്തിൽ കുമരകത്തു കളത്തിപ്പറമ്പിൽ ദി. ശ്രീ. യൌസേപ്പു കത്തനാർ അവർകൾ വായിച്ച പ്രസംഗം. (തുടർച്ച)

ഇനിയും രണ്ടാംഭാഗത്തെക്കുറിച്ചു വിചാരിക്കാം.

ഈ സ്ഥാനാപതികളുടെ മാനം എന്ത്. എങ്ങിനെ. മാനം എന്നു പറഞ്ഞാൽ പേരുമാത്രംകൊണ്ടു സ്വതെ ഉള്ളതൊ. അവന്റെ പ്രവൃത്തിയാൽ ലഭിക്കുന്നതൊ ആയ ഒരു അവസ്ഥ അല്ലെങ്കിൽ ബഹുമതി. എന്നു മുൻഭാഗത്തു പറഞ്ഞിട്ടുണ്ടല്ലൊ. ഒരു സ്ഥാനാപതിയുടെ മാനം പ്രധാനമായി രണ്ടുവിധം ആകുന്നു.

൧. തന്റെ ഉദ്യോഗപ്പേരിൻപ്രകാരം സ്വതെയുള്ള മാനം അല്ലെങ്കിൽ അവസ്ഥ.

൨. തന്റെ ജോലി ഭരമേല്പിക്കപ്പെട്ടിരിക്കുന്നപ്രകാരം യോഗ്യമായും ന്യായമായും നടത്തുന്നതിനാൽ ഉള്ള കീർത്തി അല്ലെങ്കിൽ ബഹുമതി.

ഇപ്രകാരം തന്നെ ദൈവത്തിന്റെ സ്ഥാനാപതികളുടെതും ആകുന്നു. എന്നാൽ ഇതിൽ ഒരു കാര്യംകൂടെ പ്രത്യേകിച്ചു വിചാരിപ്പാനുണ്ടു. ആയതു ഇഹലോക രാജ്യമാകളെ, പ്രഭുത്വങ്ങൾ ആകട്ടെ, അധികാരങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, ബഹുമാനമാകട്ടെ, ഒന്നും നിലനില്ക്കുന്നതല്ല. ജ്ഞാനിയായ ശ്ലോമ്മോൻ പറയുന്നപ്രകാരം ആകാശത്തിൻകീഴ കാണപ്പെടുന്നതെല്ലാം മായ മായകളുടെ മായ സകലവും മായതന്നെ. മനുഷ്യന്റെ ആയിസ്സുതന്നെ അല്പനേരം കാണപ്പെടുകയും പിന്നെ മാഞ്ഞില്ലാതെ ആയിപ്പോകയും ചെയ്യുന്ന പുകയല്ലാതെ എന്തൊള്ളു എന്നു ശു. യാക്കോബ ശ്ലീഹാ പറയുന്നു. യാക്കൊ. ൪. ൧൪. അതിനാൽ ചുരുക്കം പറഞ്ഞാൽ ഇഹലൊകത്തിലുള്ള സകലവും സ്ഥിരമില്ലാത്തതും ഒരു ഇമപ്പിൽ ഇല്ലാതായിപ്പോകാവുന്നതും ആകുന്നു. എന്നാൽ തന്റെ സ്ഥാനാപതികളുടെ സ്ഥാനമാനാദികളൊ അങ്ങിനെയല്ല. എന്നാലൊ ഇഹത്തിലും പരത്തിലും ഒന്നുപോലെ നിലനില്ക്കുന്നതാകുന്നു. എന്തെന്നാൽ തങ്ങളുടെ രാജാവു തന്നെയും ആദ്യന്തമില്ലാത്തവനും നിത്യനും ആകുന്നു. തന്റെ രാജ്യവും അവസാനമില്ലാത്തതാകുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരകർത്തൃത്വങ്ങളും തനിക്കുള്ളതാകുന്നു. ഇവർ ഭൂമിയിൽ ചെയ്യുന്നതിനെ അപ്രകാരം ആകാശത്തിലും താൻ സ്വീകരിക്കുന്നു ഇവരെ തന്റെ സ്വർഗ്ഗദൂതന്മാരുടെ മുമ്പാകെ താൻ ബഹുമാനിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്നെ ഏറ്റുപറയുന്നവനെ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും ഏറ്റുപറയും. ഞാൻ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും എന്നു നമ്മുടെ കർത്താവു വ്യാജം പറയാത്ത തന്റെ തിരുനാവാൽ അരുളിചെയ്യുന്നു. ഇതുകളാൽ ദൈവത്തിന്റെ സ്ഥാനാപതികൾ ഇഹലോകസ്ഥാനാപതികളെക്കാൾ എത്ര മാനമേറിയ മഹത്തുക്കൾ എന്നു വിചാരിപ്പീൻ. എന്നാൽ ഇതിൽ ഒരുകാര്യംകൂടെ ആലോചിപ്പാനുണ്ടു. (ആയതു) മാനം രണ്ടുവിധമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ഈ പറഞ്ഞിട്ടുള്ള മാനം അവനവന്റെ ഉദ്യോഗപ്പേരിനാൽ ഉള്ള മാനം ആകുന്നു. അതു ആർക്കും ലഭിക്കാവുന്നതും ആകുന്നു. എന്തെന്നുവച്ചാൽ ഒരു രാജാവു ഒരു അംഗഹീനനെയൊ വിരൂപനെയൊ ജോലിക്കു സാമർത്ഥ്യമില്ലാത്തവനെയൊ നിയ

ലിച്ചാലും അവന്നു ആ പേരിൻപ്രകാരം സ്വതെ ആ മാനം ഉണ്ടു. അപ്രകാരംതന്നെ ദൈവത്തിന്റെ സ്ഥാനാപതികൾക്കും തങ്ങളുടെ സ്ഥാനാപത്യം ആയ ആ ദിവ്യവരം അല്ലെങ്കിൽ ആ അധികാരം സ്വർഗ്ഗത്തിൽനിന്നു ലഭിച്ചതിനാൽ പേരിൻ പ്രകാരം സ്വതെ ഒരു മാനം ഉണ്ടു എന്നുവച്ചു ഇതിൽ ആരും പ്രശംസിക്കെണ്ടാ. എന്തെന്നാൽ ഇഹ ലോകത്തിൽ ഇരിപ്പാനും, ചാത്തമുണ്ണാനും, പണം വാങ്ങിപ്പാനും, എന്നുള്ള പഴഞ്ചൊല്ലുപോലെയൊ അല്ലെങ്കിൽ ഞാനും ഇന്നാരാണെ എന്നു ഒന്നു പ്രശംസിപ്പാനും കൂടെ ഇരിക്കട്ടെ. ഇതിനല്ലാതെ എന്തു പ്രയോജനമുണ്ടു. ഇതാണൊ മാനം? അല്ലാ. എന്നാലൊ വിളിക്കപ്പെട്ടിരിക്കുന്ന വിളിക്കു യോഗ്യമായി വ്യാപരിക്കുന്നതുതന്നെ മാനം. ദൃഷ്ടാന്തമായിട്ടു തങ്ങളുടെ ജീവനെക്കൂടെ ഉപേക്ഷിച്ചവരായ ശു. ശ്ലീഹന്മാരെയും ശു. പിതാക്കന്മാരെയും നോക്കുവിൻ. ഇതല്ലെയൊ ദൈവത്തിന്റെ സ്ഥാനാപതികളായി വിളിക്കപ്പെട്ടിരിക്കുന്ന നമുക്കു ഓരോരുത്തൎക്കും വേണ്ട മാനം. ആകയാൽ പ്രിയരെ! ഈ മാനം ആണ നാം തിരഞ്ഞെടുക്കെണ്ടതു അതിനാൽ നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന സ്ഥാനാപത്യത്തിൽ അന്തൎഭവിച്ചിരിക്കുന്നതായി മേൽ വിവരിച്ചിരിക്കുന്ന ഉദ്യോഗങ്ങളെ ശു. ത്രിത്വത്തിന്റെ മുമ്പാകെ വച്ചു നാത്യത്തൊടുകൂടെ ഭരമേറ്റിരിക്കുന്ന ജോലി തന്നെ കുറവു കൂടാതെയും ന്യായമായും നടത്തുന്നുണ്ടൊ?. ഇതു എത്രയും ഗൌരവമായി ആലോചിക്കേണ്ട സംഗതി അല്ലയൊ. അതിനാൽ ഇനി നാം ആ ഉദ്യോഗങ്ങളെയും അതിന്റെ വേലയെയും കുറിച്ചാണ ആലോചിക്കേണ്ടതു.

ഇവൎക്കു പണിക്കാർ അല്ലെങ്കിൽ ശില്പശാരികൾ എന്നു ഒരു പേരുണ്ടു. പണിക്കാർ എന്നുവച്ചാൽ വേലക്കാർ. ൧. കൊറി ൩. ൰ മുതൽ ൰൫ വരെ നോക്കുക. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ ആകുന്നു. ഇനിക്കു നൽകപ്പെട്ട ദൈവകൃപപ്രകാരം ബുദ്ധിയുള്ള പ്രധാന ശില്പശാരിയെന്നപോലെ ഞാൻ അടിസ്ഥാനത്തെ ഇട്ടിരിക്കുന്നു. മറ്റൊരുത്തൻ അതിന്മേൽ പണിയുന്നു എന്നാൽ താൻ അതിന്മേൽ എങ്ങിനെ പണിയുന്നു എന്നു ഓരോരുത്തൻ സൂക്ഷിക്കട്ടെ. എന്തെന്നാൽ ഇടപ്പെട്ടിരിക്കുന്നതല്ലാതെ മറ്റൊരു അടിസ്ഥാനത്തെ ഇടുവാൻ ആൎക്കും കഴികയില്ലാ. അതു യെശുക്രിസ്തുവാകുന്നു. എന്നു ശു. പൌലൊസു പറയുന്നു. ഇതിനാൽ പണിയുടെ ഉടമസ്ഥൻ ക്രിസ്തുവെന്നും പണിക്കാർ ശില്പശാരികളായ അപ്പൊസ്തൊലന്മാർ എന്നും തെളിയുന്നു. എന്നാൽ അവരുമാത്രമൊ? അല്ലാ മറ്റൊരുത്തൻ അതിന്മേൽ പണിയുന്നു. അതിനാൽ അവരുടെ പിൻഗാമികളായ നാം ഓരോരുത്തരും പണിക്കാർ ആകുന്നു. എന്നാൽ വല്ലവനും ആ അടിസ്ഥാനത്തിന്മെൽ പൊന്നൊ വെള്ളിയൊ വിലയെറിയ കല്ലുകളൊ മരങ്ങളൊ പുല്ലൊ താളടിയൊ പണതാൽ ഓരോരുത്തന്റെ വേല സ്പഷ്ടമായിതീരും ഇപ്രകാരം സ്പഷ്ടമാകുവാനായി നാം ഓരോരുത്തരും ഈ അടിസ്ഥാനത്തിന്മെൽ വല്ലതും പണിയുന്നുണ്ടൊ? എന്നാൽ നമ്മിൽ ചിലർ നവീകരിച്ച ഉള്ളപണിയുടെ അടിസ്ഥാനത്തെ കൂടെ ഇളക്കി കണക്കു പിശകി തോന്നിയ മാതൃകയിൽ പണിയുന്നതിനു ഡേവിഡിന്റെയും ഉണവിന്റെയും മറ്റും പിന്നാലെ പോയി, ഇവരെ പണിക്കാരായി നിയമിച്ചതിനാൽ ഉടമസ്ഥനു എത്ര ദുഃഖം. വിചാരിപ്പീൻ! ചിലർ ഞാൻ പണിയുന്നുണ്ടെന്നു പറയും അതു ഒരു വേള പരമാൎത്ഥമായിരുന്നാലും കൂലിക്കായിട്ടല്ലയൊ പണിയുന്നതു. അങ്ങിനെയെങ്കിൽ പ്രതിഫലം ഇഹത്തിൽവച്ചുതന്നെ കൈക്കൊണ്ടുപോയി. ഇഹത്തിൽ കിട്ടിപ്പോയാൽ പരത്തിൽ എങ്ങിനെ കിട്ടും, അവിടെ കിട്ടിയില്ലെങ്കിൽ എന്തുപകാരമുള്ളു. എന്നാൽ ആ നാളിൽ നമ്മുടെ വേല അഗ്നിയാൽ വെളിപ്പെടുത്തും. ഓരോരുത്തന്റെയും വേല ഇന്നയിന്ന പ്രകാരമുള്ളതെന്നു അഗ്നി പരീക്ഷിക്കയും ചെയ്യും. നിലനില്ക്കുന്നുയെങ്കിൽ അവനു കൂലി കിട്ടും അതിനാൽ പ്രിയരെ! ഉടമസ്ഥന്റെ സന്നിധാനത്തുങ്കൽ നമുക്കു കൂലി കിട്ടുവാനായി നാം പണിയണം.

൪. എവൻഗെലിസ്തന്മാർ എന്നു ഇവൎക്കു ഒരു സ്ഥാനം ഉണ്ടു. എവൻഗെലിസ്തന്മാർ അല്ലെങ്കിൽ സുവിശേഷകന്മാർ എന്നു വച്ചാൽ ദൈവത്തിന്റെ എവൻഗെലിയോനെ അല്ലെങ്കിൽ സുവിശേഷത്തെ സദ്വൎത്തമാനമായി അറിയിക്കുന്നവർ അവരൊടുള്ള ദൈവത്തിന്റെ വാഗ്ദത്തവും നിങ്ങൾ നാനാഭാഗങ്ങളിലേക്കും പുറപ്പെട്ടു ചെന്നു എന്റെ സുവിശേഷത്തെ പ്രസംഗിപ്പീൻ എന്നാകുന്നു. അതിൻപ്രകാരം അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും തന്റെ സുവിശേഷത്തെ പ്രസിദ്ധപ്പെടുത്തുകയും തന്റെ മഹത്വത്തെ അറിയിക്കയും ചെയ്തു. ദൃഷ്ടാന്തമായി ശു. ശ്ലീഹന്മാരെയും അറിയിപ്പുകാരെയും വിചാരിപ്പീൻ. അവർ വീട്ടും കൂട്ടും സകലവും ഉപേക്ഷിച്ചു തങ്ങളുടെ സകല സമ്പാദ്യവും ക്രിസ്തുയെശുവിനെ പ്ര

സംഗിക്കുന്നതുതന്നെയെന്നു വിചാരിച്ചു. അവർ ചെരിപ്പും വടിയും പൊക്കണവും കുപ്പായങ്ങളും വേണ്ടാതെ പുറപ്പെട്ടു എന്നു വേദസാക്ഷിയുണ്ടല്ലൊ. എന്നാൽ ഈ വാദത്തെ നമ്മോടു കൂടെയെന്നു നാമും അറിയുന്നുണ്ടല്ലൊ. പ്രിയരെ! നമ്മിൽ ആരു ഈ വാദത്തെ നിറവേറ്റിയിട്ടുണ്ടു അല്ലെങ്കിൽ നിറവേറ്റുന്നുണ്ടു. നോക്കിയാൽ ഈ വിധം സുവിശേഷിക്കുന്നവർ ഇക്കാലത്തു ഇല്ലന്നതന്നെ പറയേണ്ടിയിരിക്കുന്നു. എന്നാൽ തീരെ സുവിശേഷിക്കുന്നില്ലന്നാണൊ? അല്ല. സുവിശേഷിക്കുന്നവർ ഉണ്ടു. എന്നാൽ അവർ തന്റെ മഹത്വത്തിനു പകരം തങ്ങളുടെ മഹത്വത്തിനും ലാഭത്തിനും മാനത്തിനും വേണ്ടി സുവിശേഷിക്കുന്നു. ഇതിലും ഫലം ഉണ്ടൊ? ഇല്ലാ. പിന്നെ ചിലർ ലാക്കുതെറ്റിയും സുവിശേഷിക്കുന്നുണ്ടു. അതു അവരുടെ പ്രവൃത്തിയുടെ ദൃഷ്ടാന്തത്താൽ അറിയാം. അതു ചില സ്ഥാനികളും മറ്റും സുവിശേഷത്തിന്റെ ഫലമായ ജ്ഞാനസ്നാനത്തെ യാതൊരു അടിസ്ഥാനവും കൂടാതെ പമ്പാനദിയിൽ കഴുതകളും വെള്ളത്തിൽ നിർത്തി പിടിച്ചു മലർത്തിമുക്കിയാലും മതിയെന്നു പറയുന്നു. ചിലർ ഇതാ ദ്ദൈവം അവിടെനിന്നു ഇവിടെനിന്നു വരുന്നുയെന്നു അട്ടഹസിക്കയും ചെയ്യുന്നു. ഇതിലും ഫലം ഉണ്ടൊ ഒരുനാളും ഇല്ലാ. എന്നാൽ നാം നമുക്കു കിട്ടിയിരിക്കുന്ന വാദത്തെ സഫലമാക്കണമെങ്കിൽ നാം എങ്ങിനെയുള്ളവരാകണം. നാം സകലത്തിലും ശ്ലൂ. ശ്ലീഹന്മാർക്കു അനുരൂപികളായിത്തീരണം.

൩. മനുഷ്യരെ പിടിപ്പിടിക്കുന്നവർ. എന്നുവച്ചാൽ തന്റെ സുവിശേഷത്താൽ അവരെ ആദായപ്പെടുത്തുന്നവർ എന്നാകുന്നുവല്ലൊ. ഇപ്രകാരമാണ താൻ ഗലിലിയാ കടലരികെ നടക്കുമ്പോൾ ശ്ലൂ. പത്രോസിനോടും അന്ത്രയോസിനോടും വാദത്തെ ചെയ്തതു. നിങ്ങൾ എന്റെ പിന്നാലെ വരുവിൻ എന്നാൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. മത്താ. ൪. ൧൯. ഈ വാദത്തപ്രകാരം ശ്ലൂ. പത്രോസു പെന്തിക്കൊസ്തിനാളിൽ ഒരു വീച്ചിനാൽ ഏകദേശം മൂവായിരം ആത്മാക്കളെയും നടപ്പു. ന. പ്ര. പിന്നെ ഒരിക്കൽ അയ്യായിരം പേരെയും നടപ്പു. ൪. ൪. പിടിച്ചു. അങ്ങിനെ ശ്ലീഹന്മാർ പലസ്ഥലങ്ങളിലും വച്ചു പല സംഖ്യകളിൽ അനേകം ആത്മാക്കളെയും വീശിപ്പിടിച്ചു. നാം തന്നെയും നമ്മുടെ പിതാവായ ശ്ലൂ. മാർതൊമ്മാ ശ്ലീഹായാൽ പിടിക്കപ്പെട്ടവർ അല്ലയൊ. നാമും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സഹോദരന്മാരുടെയും പിൻഗാമികളായി ആ സ്ഥാനത്തിലേക്കു വിളിക്കപ്പെട്ടവരാകയാൽ നാമും അവരെപ്പോലെ പിടിക്കണ്ടയൊ? നമ്മിൽ ആരു തന്റെസ്വന്ത പ്രയത്നത്താൽ പിടിച്ചിട്ടുണ്ടു അല്ലെങ്കിൽ പിടിക്കുന്നുണ്ടു എന്നു വിചാരിച്ചാൽ ആലസ്യം മുഴുവൻ മാത്രം ആകുന്നു. ചിലർ ആ മീൻ കാശിപോലെ കറുത്തിരിക്കുന്നതിനാലു മറ്റും യോഗ്യതയില്ലെന്നും ചിലർ സെഹിയോന്റെ മതിലുകൾ കിളത്തവരോടു കൂടെ അവരെ ചേർപ്പാൻ പാങ്ങില്ലെന്നും മറ്റു ചിലർ പണമില്ലെന്നും മറ്റും ഓരോ ഒഴികഴിവുകൾ പറഞ്ഞ മൌനമായിരിക്കുന്നു. ചിലർ ഇതൊരു നിസ്സാരമായ സംഗതിയെന്നു വിചാരിച്ചു തീരെ അഗണ്യമാക്കിക്കളയുന്നു. ശ്ലൂ. ശ്ലീഹന്മാർ ഇപ്രകാരം ഒന്നും വിചാരിച്ചില്ലാ. അവർ തരംപോലെ വീശി കിട്ടിയതൊക്കയും പിടിച്ചു. പിടിപ്പാൻ സൂത്രം ഒന്നല്ലൊ. ഏതുവിധേനയും പിടിച്ചാൽ ആദായമായി. അതിൽ നമുക്കു ഉത്സാഹവും തീക്ഷ്ണതയും ഇല്ലാഞ്ഞിട്ടല്ലയൊ ലഭിക്കാത്തതു. തപ്പിക്കൊണ്ടു വിശാറുപൊട്ട ? ഉത്സാഹം പ്രതികത്ഥവ്യം ഇതാ ഇപ്പോൾ നല്ലസമയം. പിടിപ്പാൻ പുറപ്പെടുന്ന ഏവനും ലഭിക്കുന്നു. ആകയാൽ പ്രിയരെ! നാം ഇനി മൌനം അനുഷ്ഠിച്ചിരിക്കാതെ നമുക്കുതന്നിട്ടുള്ള ആ വല അല്ലെങ്കിൽ ആയുധംകൊണ്ടു കഴിയുന്നതും പ്രയോഗിക്കണം കിട്ടുന്നതിനെ നമ്മുടെ യജമാനന്റെ അടുക്കൽ സമപ്പിപ്പാൻ ശ്രമിക്കയും കൂടയിൽ കിടക്കുന്നതു ചാടിപ്പോകാതിരിപ്പാൻ സൂക്ഷിക്കയും ചെയ്യണം.

൪. മിശിഹായുടെ ശുശ്രൂഷക്കാർ. എന്നു വച്ചാൽ തന്റെ പരിചാരകന്മാർ. അല്ലെങ്കിൽ ദാസ്യവേല ചെയ്യുന്നവർ. ഇതു സാധാരണ താണവർ ഉയർന്നവർക്കത്രെ ചെയ്യാറു പതിവു. എന്നാൽ നമ്മുടെ കത്താവു അങ്ങിനെയല്ല തന്റെ ദാസന്മാർക്കത്രെ ശുശ്രൂഷിച്ചതു. യോഹ. ൧൩. ൪. ൫. താൻ അത്താഴത്തിൽ നിന്നും എഴുന്നെറ്റു തന്റെ വസ്ത്രങ്ങളെ ഊരിവച്ചു ഒരു ശീല എടുത്തു തന്നത്താൻ അരകെട്ടി ഒരു പാത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യന്മാരുടെ പാദങ്ങളെ കഴുകുവാനും തുവാലകൊണ്ടു തുവത്തുവാനുംതുടങ്ങി. രാജാധിരാജാവും കത്താധികത്താവും ആയിരിക്കുന്ന താൻ തന്റെ സൃഷ്ടികളും കൃമികൾ എന്നപോലെ ഇരിക്കുന്നവരും ആയ നമ്മെ ഇപ്രകാരം ശുശ്രൂഷിച്ചുയെങ്കിൽ നാം ഏതുപ്രകാരം ശുശ്രൂഷിക്കണം. തന്റെ പാ

പ്രമാണവും ഇപ്രകാരം ആകുന്നു. യോഹ. ൧൩. ൧൩-൧൪ നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങളെ കഴുകിയെങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കഴുകേണ്ടുന്നതാകുന്നു. ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യാനായിട്ടു ഞാൻ നിങ്ങൾക്കു ഒരു ദൃഷ്ടാന്തം തന്നിരിക്കുന്നു. എന്നു താൻ കല്പിക്കുന്നു; സത്യമായിട്ടു ഭൃത്യൻ തന്റെ യജമാനനെക്കാൾ വലിയവൻ അല്ല. അയക്കപ്പെട്ടവൻ തന്നെ അയച്ചവനെക്കാൾ വലിയവനും അല്ല. യോഹ. ൧൩. ൧൬. ഈ പാദത്തപ്രകാരം തന്റെ ശ്ലീഹന്മാരും ചെയ്തിട്ടുണ്ടു. അപ്പോൾ മിശിഹായുടെ ശിഷ്യരാകുന്ന പട്ടക്കാർക്കു എത്ര അധികമായി ചെയ്യാൻ വേണ്ടിയിരിക്കുന്നു. ഇപ്രകാരം ദാസന്മാർ എന്നുവേണ്ട സമയത്തിൽ തന്നെ ശുശ്രൂഷിക്കുന്നവർ ഉണ്ടോയെന്നു വിചാരിച്ചാൽ മനസ്സോടെ ചെയ്യുന്നവർ ഇല്ലായെന്നു പറയേണ്ടിയിരിക്കുന്നു. മനസ്സോടെ അല്ലെങ്കിൽ എന്തു ഫലം? ഇതിന്റെ കാരണം നമ്മുടെ നിഗളമത്രെ. ഈ സൎപ്പത്തെ മടിയിൽ കിടത്താത്തവൻ ആര്? ആദാമിന്റെ സന്തതിയെ പൊതുവിൽ ബാധിക്കുന്ന പാപം ഇതാകുന്നു. ഇതു തനിക്കു ഇഷ്ടപ്പെടാകുന്നു എന്നതിന്നായുമല്ലാ താഴ്മയുള്ള യേശുവിൽ നിഗളമുള്ള ശിഷ്യൻ ചേരുകയില്ലാ. അതു തനിക്കു അപമാനമാകുന്നു. നീ നിന്റെ കണ്ണുകളിൽ ചെറിയവനായിരുന്നപ്പോൾ യഹോവാ നിന്നെ അഭിഷേകം ചെയ്തില്ലയൊ. ൧ ശമു. ൧൫. ൧൭. അതിനാൽ പ്രിയരെ! നാം എത്രത്തോളം സ്ഥാനത്തിൽ ഉയരുന്നുവൊ അത്രത്തോളം താഴ്മയിൽ കീഴോട്ടു വളരണം. ഇതു നാം മിശിഹായെ സൂക്ഷിച്ചു നോക്കിയാൽ നല്ലവണ്ണം പഠിക്കാം. എങ്ങിനെയെന്നാൽ നാം എവിടെനിന്നെങ്കിലും സൂര്യനെ സൂക്ഷിച്ചു നോക്കിയാൽ വ്യക്തമായി കാണുന്നപ്രകാരം മിശിഹായെ സൂക്ഷിച്ചു നോക്കിയാൽ തന്റെ താഴ്മ നമ്മിൽ പ്രതിബിംബിക്കാം. തന്റെ താഴ്മയുടെ ആഴത്തെ നമ്മുടെ ആത്മകണ്ണുകൾ കൊണ്ടു സൂക്ഷിച്ചു നോക്കി കണ്ടെങ്കിൽ മാത്രമെ നാം വിശ്വസിക്കൂ. അതിനാൽ സഹോദരന്മാരെ തന്നെ നാം കണ്ടു വിശ്വസിച്ചു തന്നെത്താൻ വിനയപ്പെടുത്തിക്കൊണ്ടു തനിക്കും മറ്റുള്ളവർക്കും നാം ശുശ്രൂഷിക്കണം.

൫. ഇടയന്മാർ. എന്നുവച്ചാൽ ആടുകളെ മേയിക്കുന്നവർ ഇടയന്റെ തൊഴിൽ ആടുകളെ ശരിയായി തീറ്റുകയും ചെന്നായ് കൊണ്ടുപോകാതെ സൂക്ഷിക്കയും തന്റെ യജമാനന്റെ തൊഴുത്തിൽ കെട്ടി സൂക്ഷിക്കയും ചെയ്ക ആകുന്നുവല്ലൊ. ഞാൻ ആടുകളുടെ ഇടയൻ എന്നു മിശിഹാ കല്പിക്കുന്നു. ഞാൻ നിങ്ങൾക്കു എന്റെ ഹൃദയത്തിനൊത്ത ഇടയന്മാരെ നൽകും. അവർ നിങ്ങളെ ജ്ഞാനവും ബുദ്ധിയും കൊണ്ടു മേയിക്കയും ചെയ്യും. യറെ. ൩. ൧൫. ഞാൻ അവയുടെമേൽ ഇടയന്മാരെ കല്പിക്കും അവർ അവയെ മേയിക്കും എന്നു യറമിയായും യറമി. ൨൩. ൪. ചിലരെ ഇടയന്മാരായി തന്നെയെന്നു എഫെ. ൪. ൧൧ൽ ശ്ലീ. പൌലൂസും പറയുന്നു. ഞങ്ങൾ മിശിഹായിക്കു പകരം സ്ഥാനാപതികൾ എന്നു ശ്ലീ. പൌലൂസ് തന്നെ പറയുന്നതായ ഇന്നത്തെ പ്രസംഗവാക്യവും ഓർത്താൽ ഈ ഇടയന്മാർ എന്നുള്ള പേരിനു നാമും അർഹന്മാരെന്നു തെളിയുന്നു. എന്നാൽ ദൈവത്തിന്റെ ആടുകളുടെ ഇടയന്മാരായ നാം നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന ആടുകളെ നല്ല പുഷ്ടിയുള്ള പുൽമാലിയിൽ മേയിക്കയും ചെന്നായും കള്ളനും കൊണ്ടുപോകാതെ സൂക്ഷിക്കയും തന്റെ തൊഴുത്തിൽ കെട്ടുകയും ചെയ്യുന്നുണ്ടോ. അങ്ങിനെ നാം നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന ആടുകളെ തന്റെ വിസ്തീർണ്ണമുള്ള മേച്ചിൽസ്ഥലമായ സുവിശേഷത്തിലെ കിളിർത്തു തഴച്ചു വായിച്ചു നില്ക്കുന്നതും ഓജസ്സുണ്ടാക്കുന്നതും ജീവൻ നൽകുന്നതുമായ ദൈവവചനമാകുന്ന പുല്ലുകൊണ്ടു നിത്യവും പോഷിപ്പിക്കയും തന്റെ ജീവന്റെ ഉറവയിൽ നിന്നു കുടിപ്പിക്കയും ഓരോ കാലങ്ങളിൽ വന്നിട്ടുള്ളവരായി ആടുകളുടെ ജീവഹാനി വരുത്തുന്ന ചെന്നായ്ക്കളെയും മോഷ്ടാക്കളെയും ഓടിച്ചുകളഞ്ഞ തന്റെ തൊഴുത്തിൽ കെട്ടുകയും ചെയ്തിരുന്നു എങ്കിൽ നമ്മുടെ ആടുകളെ ഇംഗ്ലീഷ്, നവീകരണം, വിദ്വാൻകുട്ടി, ഡെവീഡ് മുതലായവർ കൊണ്ടുപോകയും അവരുടെപിന്നാലെ പോകയും ചെയ്കയില്ലായിരുന്നു. ഇതു എത്ര മഹാ കഷ്ടം. ഉടമസ്ഥനെന്തു നഷ്ടം നമുക്കു എത്ര അപമാനം എന്നു വിചാരിപ്പീൻ. ഇതിൽ നാം മൌനം അനുഷ്ഠിക്കുന്നതു നമുക്കു മുതൽമുടക്കില്ലാഞ്ഞിട്ടല്ലയൊ. അയ്യൊ പ്രിയരെ ഇതിന്റെ ഉടമസ്ഥനായ നമ്മുടെ കർത്താവീശോമിശിഹാ തന്റെ വിലയേറിയ രക്തത്താൽ വിലക്കു വാങ്ങിയിട്ടുള്ള ആടുകളാണെന്നു ഓർപ്പീൻ. നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു എന്നുള്ള നമ്മുടെ കർത്താവിന്റെ ദിവ്യവചനത്തെ ഓർപ്പീൻ. അതിനാൽ പ്രിയരെ തല്ക്കാലം ആടുകളിൽനിന്നു വല്ല തൊഴിയൊ ഇടിയോ വന്നാലും ശത്രുക്കളുടെ ഉപദ്രവം നിമിത്തം നമ്മുടെ ജീവനെ കൂടെ ഉപേക്ഷിക്കേണ്ടി

വന്നാലും, കാണാതെപോകാത്ത നൻ-തിനെകാൾ കണ്ടുകിട്ടിയ ഒന്നിൽ താൻ അധികം സന്തോഷിക്കുന്നവനാകകൊണ്ടു കാണാതെപോയതിനെ തിരിച്ചു കൊണ്ടുവരുന്നതിനും ഇനിമേലാൽ തന്റെ തൊഴുത്തിൽനിന്നു ഒന്നിനെപ്പോലും നഷ്ടപ്പെടുത്താതെയിരിക്കുന്നതിനുമായി അത്യുത്സാഹികളായിരിക്കണം. അപ്പോൾ നാം തന്റെ വിശ്വസ്ത ഇടയന്മാരായിത്തീരും.

മിശിഹായുടെ ഭടന്മാർ. ഭടന്മാർ എന്നു വച്ചാൽ യുദ്ധശാലികൾ. അല്ലെങ്കിൽ പോരാളികൾ. നമ്മുടെ രക്ഷകനായ മിശിഹാ പിശാചിനോടു യുദ്ധം ചെയ്തു പാതാളംവരെയും അവനെ തോല്പിച്ചുകളഞ്ഞു. അതുമാത്രമല്ല ലോകത്തിലെ തന്റെ ശത്രുക്കളോടും തന്റെ ദിവ്യവചനങ്ങളാലും അത്ഭുത പ്രവൃത്തികളാലും താൻ യുദ്ധം ചെയ്തു ജയിച്ചു. അങ്ങിനെ താൻ തന്റെ ശിഷ്യന്മാരെ ഉറപ്പിച്ചു. അപ്രകാരം അവരും സകലത്തെയും ജയിപ്പാൻ അധികാരവും വരവും താൻ അവർക്കു കൊടുത്തു. അങ്ങിനെ അവരവർ ലോകത്തിലെങ്ങും നടന്നു ഗോത്രങ്ങളിലും തന്റെ സുവിശേഷം അറിയിക്കയും തനിക്കുവേണ്ടി അവർ യുദ്ധം ചെയ്കയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നാം ഓരോരുത്തരും തനിക്കുവേണ്ടിയും തന്റെ പ്രജകൾക്കുവേണ്ടിയും യുദ്ധം ചെയ്വാനായി തിരഞ്ഞെടുക്കപ്പെട്ട ഭടന്മാരെന്നു വിചാരിപ്പിൻ. എന്തെന്നാൽ എന്റെ ക്രിസ്തുഭടനായ എപ്പപ്രോദിത്താസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നു. ഫി. ൨. ൨൫. ഇപ്രകാരമെങ്കിൽ നാമും അവരെപ്പോലെ മുഷ്ടിയുദ്ധം ചെയ്വാൻ കടക്കാരാകുന്നു. നമ്മിൽ ആരെങ്കിലും അപ്രകാരം ധൈര്യത്തോടെ യുദ്ധം ചെയ്യുന്നുണ്ടോ? ഇല്ലാകയാൽ ശത്രുസൈന്യത്തെ കാണുമ്പോൾ തന്റെ പ്രജകളെ വിട്ടുംവച്ചു താഴെക്കിട്ടോടുന്നവർ അല്ലാതെ ധൈര്യത്തോടെ യുദ്ധംചെയ്യുന്നവർ ചുരുക്കമാണ്. ഇതിന്റെ കാരണം എന്റെ അഭിപ്രായത്തിൽ തോന്നുന്നതു നമ്മുടെ രാജാവ നമുക്കു കല്പിച്ചുതന്നിട്ടുള്ള സർവ്വായുധവർഗ്ഗത്തെ നാം ധരിക്കായ്കകൊണ്ടാണെന്നാണ്. എന്തെന്നാൽ ബാല്യനായ ദാവീദു മഹാമല്ലനായ ഗോലിയാത്തിനെ കവിണയും ഒരു കല്ലുംകൊണ്ടു അപായപ്പെടുത്തിയല്ലൊ. ഇപ്രകാരം നമുക്കും കഴിയാത്തതല്ലാ. ആകയാൽ എഫെ. ൬. ൧൪. മുതൽ ൧൭. വരെ നോക്കുക. നിങ്ങൾ സത്യംകൊണ്ടു അരകെട്ടുകയും നീതീകരണത്തിന്റെ മാർക്കവചത്തെ ധരിക്കയും നിങ്ങളുടെ പാദങ്ങളിൽ സമാധാനത്തിൻ സുവിശേഷത്തിന്റെ യത്നംകൊണ്ടു ചെരിപ്പിടുകയും ചെയ്തുകൊണ്ടു നില്പിൻ. സകലത്തിനും മീതെ വിശ്വാസത്തിന്റെ പരിചയെ പിടിച്ചുകൊൾവിൻ അതിനാൽ നിങ്ങൾക്കു ദുഷ്ടന്റെ അഗ്നി അസ്ത്രങ്ങളെ ഒക്കെയും കെടുത്തുകളവാൻ കഴിയും. രക്ഷയുടെ പടത്തൊപ്പിയെയും ദൈവത്തിന്റെ വചനമാകുന്ന ആത്മാവിൻ വാളിനെയും നിങ്ങൾ എടുപ്പിൻ. സർവ്വനേരവും ആത്മാവിൽ സകല പ്രാർത്ഥനയോടും അപേക്ഷയോടും പ്രാർത്ഥിച്ചു അതിന്നായിട്ടു സകല സ്ഥിരതയോടും ചെയ്തുകൊണ്ടു ഉണർന്നിരിപ്പിൻ. എന്നു ശ്ലീ. പൌലൂസ് നമുക്കു ഉപദേശം ഉപദേശിച്ചിരിക്കുന്നു. ഈ ഉപദേശപ്രകാരം മേൽ വിവരിച്ചിരിക്കുന്ന ആയുധങ്ങളെ ധരിച്ചുകൊണ്ടു പോർക്കളത്തിൽ ഇറങ്ങിയാൽ നമ്മെ തോല്പിപ്പാൻ ആരും ഉണ്ടാകയില്ലാ. എന്നുതന്നെയുമല്ലാ, യുദ്ധം എളുപ്പമായിക്കുള്ളതാകുന്നു. താൻ തനിക്കുവേണ്ടി യുദ്ധം ചെയ്യുന്നവരെ സഹായിപ്പാനും സത്യത്തെ പാലിപ്പാനും ആയി ഒരുങ്ങിയിരിക്കുന്നവനെന്നു വിശ്വസിപ്പിൻ. താൻ സത്യത്തിൽ നിന്നു പിൻമാറുകയില്ലാ നിശ്ചയം. അതിനാൽ സാത്താനാകട്ടെ, നരകമാകട്ടെ, വിദ്വാൻകളിയാകട്ടെ, ദേഷ്യങ്ങളാകട്ടെ, രക്തവും സൈന്യമാകട്ടെ ഒന്നും സാരമില്ലാ. തുണ്ടെത്താളം ഇല്ലാ. അതിനാൽ ഭീരുക്കൾ ആകാതെ ഈ ആയുധവർഗ്ഗങ്ങളെ ധരിച്ചുംകൊണ്ടു മുന്നോട്ടു ചെല്ലാം. അപ്പോൾ ശത്രുസൈന്യം ഓടപ്പോകമെന്നു മാത്രമല്ലാ അവർ ബന്ധിക്കപ്പെട്ടിരിക്കുന്നവരെ വിടുവിച്ചു സ്വാതന്ത്ര്യപ്പെടുത്തുകയും കൂടെ ചെയ്യാം. അപ്പോൾ നാം നമ്മുടെ രാജാവിനു ഇഷ്ടമുള്ള ഭടന്മാരായിത്തീരും.

൭. മിശിഹായുടെ കലവറക്കാർ. കലവറക്കാർ എന്നുവച്ചാൽ ഒരു യജമാനൻ തന്റെ ഭവനക്കാർക്കു, തന്നാൽ കല്പിക്കപ്പെട്ടവർക്കു സമയങ്ങളിൽ ഭക്ഷണംകൊടുക്കേണ്ടുന്നതിനു അവരുടെമേൽ നിയമിച്ചാക്കിയിട്ടുള്ള വിചാരിപ്പുകാരന്മാർ അല്ലെങ്കിൽ അധികാരികൾ ആകുന്നു. എന്നാൽ ദൈവത്തിന്റെ ഭവനമെന്നു ശുദ്ധമാന പള്ളിയെ കുറിച്ചു താൻ കല്പിക്കുന്നു. അപ്പോൾ അതിൽ ഉൾപ്പെട്ട ജനം തന്റെ ഭവനക്കാരും ആകുന്നുവല്ലോ. ൧ പത്രോ. ൪. ൧൦.ൽ ദൈവത്തിന്റെ കൃപയുടെ കലവറക്കാർ എന്നു ശ്ലീ. പത്രോസും ൧ കോറി. ൪- ൧.ൽ ഞങ്ങളെ മിശിഹായുടെ ശുശ്രൂഷക്കാരും ദൈവത്തിന്റെ രഹസ്യങ്ങളുടെ കലവറക്കാരും ആയി മനുഷ്യർ വിചാരിക്കട്ടെ എന്നു ശ്ലീ. പൌലൂസും പറഞ്ഞിരിക്കുന്നതിനാൽ അവരുടെ പി

ൻഗാമികളായ നാമും ഈ കലവറസ്ഥാനത്തേക്കു വിളിക്കപ്പെട്ടിരിക്കുന്ന കലവറക്കാർ എന്നുള്ളതിനു സംശയമില്ലല്ലൊ. എന്നാൽ നല്ല കലവറക്കാരന്റെ മുറ തന്റെ കലവറയിൽ ഏല്പിച്ചിരിക്കുന്ന മുതൽ അന്യാധീനപ്പെടുത്താതെയും വെറുതെ നഷ്ടമാക്കിക്കളയാതെയും തന്റെ യജമാനന്റെ ഭവനക്കാൎക്കു സമയങ്ങളിൽ കൊടുത്തു തൃപ്തിയാക്കുകയും ചെയ്യുന്നതാകുന്നു. ഇപ്രകാരം നാം നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന ധനങ്ങളെ ക്രമമായി പരിപാലിക്കയും അതിലുള്ളവ ശരിയായി ഭക്ഷണം കൊടുക്കയും ചെയ്യുന്നുണ്ടോ. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ അയ്യോ ഇനിക്കു വല്ലതും തായാതെ ഞാൻ വിശന്നുപെടട്ടെ എന്നു പറഞ്ഞ പുറകെ ഓടി എത്തുന്നതൊ? ഇതാ ഇവിടെ നല്ല രുചിയുള്ള ആഹാരം തന്റെ സ്വന്തഭവനത്തിൽ വേണ്ടുവോളം പാൽപ്പായസം മുതലായ നല്ല രുചിയുള്ള ആഹാരം ഭക്ഷിക്കുമ്പോൾ കുടിക്കും മറ്റും മറ്റൊരുത്തന്റെ പിന്നാലെ പോകുമൊ. ഇല്ല ഒരുനാളും ഇല്ല. എന്തെന്നാൽ ദൈവത്തിന്റെ വചനം തേനിനെക്കാളും തേൻകട്ടയെക്കാളും മധുരമുള്ളതും പൊന്നിനെക്കാളും നല്ല തങ്കത്തെക്കാളും വിലയേറിയതും ആകുന്നു. അപ്പോൾ പോകുന്നതു കലവറക്കാരന്റെ താഴത്തെ സ്വാമി കൂടാതെ തെരിപാകുന്നു. പ്രിയരെ, നമ്മുടെ യജമാനൻ കലവറസ്ഥാനത്തേക്കു നമ്മെ വിളിച്ചിരിക്കുന്നതു. ഈ സാമാനങ്ങൾ നമ്മുടെ പക്കൽ ഏല്പിച്ചിരിക്കുന്നതും എന്തു എന്നു വിചാരിപ്പീൻ. തന്റെ ഭവനക്കാരെ പട്ടിണിക്കിടാനൊ? അയ്യോ സഹോദരരെ! നമ്മുടെ യജമാനൻ കലവറസ്ഥാനത്തിന്റെ കണക്കു നമ്മോടു ചോദിക്കുന്ന കാലം വരുന്നു. അപ്പോൾ നാം ശരിയായിട്ടുള്ള കണക്കു കൊടുക്കേണ്ടിയവരെന്നു വിചാരിപ്പീൻ. അന്നു ശരിയായിരുന്നില്ലെങ്കിൽ തന്റെ സാമാനങ്ങൾ നഷ്ടപ്പെടുത്തിയതിനും തന്റെ ഭവനക്കാരെ പട്ടിണിയിട്ടതിനും കുറ്റക്കാരായിത്തീരുമെന്നുമാത്രമല്ല, ദുഷ്ടഭൃത്യരെ പുറമെയുള്ള അന്ധകാരത്തിലേക്കു പോകുവിൻ എന്നുകൂടെ കല്പിക്കും. അയ്യൊ, ഇതു എത്ര കൈപ്പായ ശബ്ദം. ഈ കഠോരമായ ശബ്ദം കേൾപ്പാൻ സംഗതി വരരുതെ. അതിനായിട്ടു പ്രിയമുള്ളവരെ, നമ്മുടെ യജമാനൻ കോപിക്കാതെയും കുറ്റപ്പെടുത്താതെയും ഇരിപ്പാൻതക്കവണ്ണം നമ്മുടെ പക്കൽ ഏല്പിച്ചിട്ടുള്ള ഭക്ഷണസാധനങ്ങളെ തന്റെ വീട്ടുകാൎക്കു ഇനിയെങ്കിലും ശരിയായി സമ്പൂൎണ്ണമാംവണ്ണം വിഭജിച്ചു കൊടുപ്പാൻ ശ്രമിക്കണം.

ഇപ്പോൾ സ്ഥാനാപതികൾ ആരെന്നും അവരുടെ മാനം എങ്ങിനെയെന്നും വിവരിച്ചുവല്ലൊ. ഇനി അതിനാലുണ്ടാകുന്ന ഫലത്തെക്കുറിച്ചുകൂടെ സ്വല്പം ആലോചിക്കാം. നമ്മുടെ കൎത്താവു തന്റെ ശിഷ്യന്മാരോടു നിങ്ങൾ എന്റെ പിന്നാലെ വന്നതിനാൽ, ഞാൻ എന്റെ പിതാവിന്റെ മഹത്വത്തിൽ വരുമ്പോൾ നിങ്ങളും എന്നോടുകൂടെ പന്ത്രണ്ടു സിംഹാസനങ്ങൾമേൽ ഇരുന്നു ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിക്കുമെന്നു കല്പിച്ചിരിക്കുന്നു. അവസാനത്തോളം വിശ്വസ്തൻ ആയിരിക്ക, ജീവന്റെ കിരീടത്തെ ഞാൻ നിനക്കു തരും. എന്നു താൻ തന്നെ കല്പിച്ചിരിക്കുന്നു. തന്റെ നീതിമാന്മാരെ താൻ സ്വൎഗ്ഗദൂതന്മാരെക്കാൾ മേലാക്കി വച്ചിരിക്കുന്നു. ഇതിൽപ്പരം ബഹുമതിയും ലാഭവും എന്താണു നമുക്കു വേണ്ടതു. ദുഷ്ടന്മാരെത്തു നേരെമറിച്ചു ഈ ഭാഗ്യത്തിനു പകരം അഗ്നിനരകവും ആകുന്നു. വേലി വിളവു തിന്നാൽ വലിയ കഷ്ടം അല്ലയോ. നാം സ്ഥാനികളായി വിളിക്കപ്പെട്ടിരിക്കകൊണ്ടു അധിക കാഠത്തിനു അൎഹന്മാരായിതീരും. പട്ടക്കാർ അഗ്നി നരകത്തിന്റെ അടിയിൽ എന്നു സാധാരണ പറച്ചിൽ ഉണ്ടല്ലൊ. അയ്യൊ ഇതു എത്ര അതിവേദന. അതിനാൽ പ്രിയരെ, അതിനു സംഗതിയാകാതെ മേൽ വിവരിച്ചപ്രകാരമുള്ള ഭാഗ്യങ്ങളെ കൈക്കൊള്ളുവാൻ യോഗ്യന്മാരായിതീരുന്നതിനു നല്ല സ്ഥാനാപതികൾക്കു അനുരൂപികളായി തീരുവാൻ ശ്രമിക്കുന്നമെന്നു അപേക്ഷിച്ചുകൊണ്ടു ഇപ്പോൾ ഇതിനെ അവസാനിപ്പിക്കുന്നു.

## അപ്പൊക്രിഫാ.

വേദപുസ്തകസമൂഹക്കാരാൽ അച്ചടിപ്പിക്കപ്പെടുന്ന പുസ്തകങ്ങളിൽ ഉൾപ്പെടാത്തവയും സുറിയാനിക്കാർ മുതലായ പ്രാചീനസഭകൾ വേദപുസ്തകഭാഗങ്ങളായി അംഗീകരിച്ചിട്ടുള്ളവയുമായ ചില പുസ്തകങ്ങ

ൾ ഉണ്ടെന്നുള്ള വിവരം നമ്മുടെ വായനക്കാർ അറിഞ്ഞിരിപ്പാൻ ഇടയുണ്ടെന്ന ഞങ്ങൾ വിശ്വസിക്കുന്നു. ഇംഗ്ലീഷിൽ ഈ ഇനത്തിൽ ഉൾപ്പെട്ട പുസ്തകങ്ങൾക്കു പറഞ്ഞുവരുന്ന പൊതുപ്പെട്ട പേർ അപ്പൊക്രിഫാ എന്നാകുന്നു. പഴയ നിയമമെന്നും പുതിയ നിയമമെന്നും പറഞ്ഞു മഷിമിഷ്യൻ അച്ചുക്കൂട്ടത്തിൽ നിന്ന അച്ചടിച്ചുവരുന്ന പുസ്തകങ്ങളിൽ വേദപുസ്തകം മുഴുവൻ അടങ്ങിയിട്ടുണ്ടെന്നാണ ഈ നാട്ടിലെ ക്രിസ്ത്യാനികളിൽ അധികം ആളുകളുടെയും വിശ്വാസമെന്ന തോന്നുന്നു. എന്നാൽ വാസ്തവത്തിൽ വേദപുസ്തക ഭാഗങ്ങളായ വേറെയും പുസ്തകങ്ങൾ ഉണ്ട. ഉപദേശസംബന്ധമായൊ സഭയിടപെട്ട ആചാരമര്യാദകൾ സംബന്ധമായൊ ഉള്ള തക്കങ്ങളിൽ, ഇവിടങ്ങളിൽ വേദപുസ്തകമായി അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളിൽ മാത്രം സാക്ഷി കാണണമെന്ന നിർബ്ബന്ധിക്കുന്നവരും ഈ കാലത്തു ധാരാളം ഉണ്ട.

നമ്മുടെ അറിവിനും കണ്ടുപഠിത്വത്തിനുംവേണ്ടി കർത്താവു ഉപദേശിക്കയും പ്രവൃത്തിക്കയും ചെയ്ത സകലവും എഴുതുന്നതായാൽ എഴുതപ്പെടുന്ന പുസ്തകങ്ങൾ ലോകത്തിൽ കൊള്ളുന്നതിൽ അധികമായിരിക്കുമെന്നാണ ഏവൻഗേലിസ്റ്റൻ പറഞ്ഞിരിക്കുന്നതു. ആ സ്ഥിതിക്കു നമ്മുടെ അറിവിനും പഠിപ്പിനുമായി എഴുതപ്പെട്ട പുസ്തകങ്ങളിൽ ഒരംശം മാത്രമെ സ്വീകരിക്കയൊള്ളു എന്ന പറഞ്ഞുംകൊണ്ടു ലൊകത്തിൽ അടങ്ങാത്ത പ്രകാരമുള്ള തന്റെ ഉപദേശങ്ങളെ കണ്ടുപഠിച്ചു പൊതുസഭ ഏറ്റുപ്പെട്ടിരിക്കുന്ന ഉപദേശാചാരങ്ങൾ എല്ലാം ഏതാനും ചില പുസ്തകങ്ങളിൽ മാത്രം കാണിച്ചുകൊടുക്കണമെന്നും അല്ലെങ്കിൽ അംഗീകാര്യങ്ങളായി വിചാരിപ്പാൻ പാടില്ലെന്നും പറയുന്നവരുടെ തക്കം അസംബന്ധമാണെന്ന പ്രത്യക്ഷത്തിൽ അറിയാവുന്നതാണ. സമ്മതിക്കപ്പെട്ട പുസ്തകങ്ങൾതന്നെയും വേദപുസ്തകങ്ങളാണെന്നും അവ അംഗീകാര്യങ്ങളാണെന്നും നാം വിശ്വസിക്കുന്നതു എന്തുകൊണ്ട. മോശ മുതലായ പഴയനിയമകർത്താക്കളും മത്തായി മുതലായ പുതിയനിയമകർത്താക്കളും എഴുതുന്നതിനെ നാം കണ്ടിട്ടില്ല. അവർ എഴുതിയ അസ്സൽ പുസ്തകങ്ങൾ കാണ്മാനുമില്ല. എങ്കിലും അവ സാക്ഷാൽ അവരാൽ എഴുതപ്പെട്ടു എന്നും ദൈവാത്മാവിനാൽ എഴുതപ്പെട്ടു എന്നും അവ വിശ്വാസയോഗ്യങ്ങളാണെന്നും നാം വിശ്വസിക്കുന്നു. എന്തുകൊണ്ട? സഭ ആദ്യകാലം മുതൽ നമ്മെ ഇങ്ങനെ പഠിപ്പിച്ചുകൊണ്ടത്രെ.

അപ്പോൾ വേദപുസ്തകത്തിന്റെ സ്വീകാരയോഗ്യത സഭയുടെ അംഗീകരണത്തെമാത്രം ആശ്രയിച്ചുനില്ക്കുന്നതായിവരുന്നു. ആ സ്ഥിതിക്കു സഭയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ ഏതാനും ത്യാജ്യങ്ങളാണെന്നും ഏതാനും സ്വീകാര്യങ്ങളാണെന്നും ഇനി വിധിപ്പാൻ എങ്ങനെ കഴിയും? അപ്പൊക്രിപ്പാ പുസ്തകങ്ങളെ കിഴക്കെ സഭകൾ എല്ലാം സ്വീകരിക്കുന്നു. ഗ്രീക്കുസഭയും റോമ്മാസഭയും സ്വീകരിക്കുന്നു. പതിനാറാം നൂറാണ്ടിൽ പ്രൊട്ടസ്റ്റന്റു സഭകൾ ഉത്ഭവിച്ചപ്പോൾ അവരിൽ ചിലർക്കുമാത്രം ഇവ അത്ര സ്വീകാര്യങ്ങളായി തോന്നിയില്ല. ക്രി

സ്തുവിന്റെ ജനനത്തിനുമുമ്പു എഴുതപ്പെട്ട പുസ്തകങ്ങളുടെ ഗുണദോഷ വിവേചനം ൧൯-ാം നൂറ്റാണ്ടിൽ ജനിച്ച ഒരാൾ ചെയ്താൽ അതു എത്രത്തോളം ബലമായിരിക്കുമെന്നു നമുക്കു ഏറെക്കുറെ ഊഹിക്കാവുന്നതാണ്. പതിനാറാം നൂറ്റാണ്ടിലെ വിദ്വാന്മാരുടെ അഭിപ്രായത്തിന്റെ ബലാബലം അറിവാൻ ഒരു സംഗതി മാത്രം ആലോചിച്ചാൽ മതിയാകും. എന്തെന്നാൽ:—

പ്രൊത്തസ്റ്റൊന്റു നവീകരണകാരിൽ പ്രഥമഗണനീയനായിരുന്ന ലൂഥറിന്റെ മതപ്രകാരം യോബ്, പ്രസംഗകാരൻ, എബ്രായക്കാർ, ൨-ാം പത്രൊസ, ൨-ം ൩-ം യോഹന്നാൻ, യഹൂദാ, വെളിപാടു, ഇത്രയും പുസ്തകങ്ങൾ വേദപുസ്തക അംശങ്ങളായി സ്വീകരിക്കത്തക്കവയല്ലായിരുന്നു. കാൽവിൻ എന്ന നവീകരണ സ്ഥാപകൻ എസ്തേറി, തൂബീദ, ജൂദിത്ത, ജ്ഞാനം, പ്രസംഗകാരൻ. മക്കബായക്കാരുടെ രണ്ടു പുസ്തകങ്ങളും, ഇവയെ ത്യാജ്യങ്ങളായി സങ്കല്പിച്ചു. സ്ലിനൊസ, മുതലായ ചില യോഗ്യന്മാർ മോശയുടെ പുസ്തകങ്ങൾ, ന്യായാധിപതിമാർ, രാജാക്കൾ, നാളാഗമങ്ങൾ, ഏശായാ, യെറമിയാ, എസക്കിയെൽ, ദാനിയെൽ, പന്ത്രണ്ടു ചെറിയ ദീർഘദർശിമാരുടെ പുസ്തകങ്ങൾ ഇവയെ നിഷേധിച്ചു. ഹോബീസ രൂഥിന്റെ പുസ്തകത്തെ ത്യജിച്ചു. ജ്ഞാനം, യോഹന്നാന്റെ ൨-ം ൩-ം ലേഖനങ്ങൾ, മുതലായവ ദിവ്യവെളിപാടിനാൽ എഴുതപ്പെട്ടവയല്ലെന്നു ഗ്രൊത്ത്യൂസ് വിധിച്ചു. സുഭാഷിതങ്ങളിൽ ദിവ്യത്വം ഇല്ലെന്നു സൊസിനിയർ എന്ന കൂട്ടർ തീരുമാനിച്ചു. സങ്കീർത്തനങ്ങളും എസ്രാവും ശരിയായിട്ടുള്ളവയല്ലെന്നു അനാബപ്റ്റിസ്റ്റ് എന്ന സംഘക്കാർ അഭിപ്രായപ്പെട്ടു. ഗ്രൊസ്, മത്തായിയുടെ ഏവൻഗെലിയോനെയും ഗ്രീസ്ബാഖ് മർക്കോസിന്റെ ഏവൻഗെലിയോനെയും ലൂവാനസ യോഹന്നാന്റെ ഏവൻഗെലിയോനെയും, കൊല്ലിൻസ് നാലു ഏവൻഗെലികളെയും ഷ്ലീഷ്ലർ തിമോത്തിയൊസിനുള്ള ൧-ാം ലേഖനത്തെയും ഇങ്ങനെ ഓരോ പരിഷ്കാരികളും പ്രൊത്തസ്റ്റന്റ സഭാസ്ഥാപകന്മാരും ഓരോ പുസ്തകങ്ങളെ അസാധുവായൊ സംശയയോഗ്യമായൊ പറഞ്ഞു തള്ളികളഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ പ്രൊത്തസ്റ്റൊന്റുമത സ്ഥാപകന്മാരും നായകന്മാരുമായ എല്ലാവരുടെയും സമ്മതമുള്ള ഒരു വേദപുസ്തകം അച്ചടിക്കണമെന്നു വിചാരിച്ചാൽ അച്ചടിക്കുവാന്തക്ക കുറതീൻ പുസ്തകങ്ങൾ ബാക്കിയില്ല.

അപ്പൊക്രിഫാ കൊള്ളരുതെന്നു സങ്കല്പിച്ച യോഗ്യന്മാരുടെ യോഗ്യതയെ വിവരിച്ചു ചുരുങ്ങിയ വിവരണം കൊണ്ടു ഊഹിക്കാമല്ലൊ. അവരെ പിന്തുടരുന്ന അംഗ്ലിയാ സഭയിലെ ഒരു ശാഖക്കാരുടെ അഭിപ്രായത്തെ മാത്രം ആശ്രയിച്ചാണ് ഈ കാലത്തെ തക്കാർ അപ്പൊക്രിഫായെ ധിക്കരിക്കുന്നതു.

എന്നാൽ വേദസംബന്ധമായും ലോകസംബന്ധമായുമുള്ള അറിവുകൾ പരമകാഷ്ഠയിൽ എത്തിയിരിക്കുന്ന ഈ കാലത്തു യൂറോപ്പിലെ അംഗ്ലിയാസഭയിൽ ഉൾപ്പെട്ട ഒരു വലിയശാഖ ൧൯-ാം നൂറ്റാ

ങ്ങിലെ നവീകരണങ്ങളാൽ അംഗ്ലിയാ സഭയിൽ വന്നുകൂടിയ തെററുകളെ തീൎത്തു ആ സഭയെ അപ്പൊസ്തൊലകാലത്തെ സഭയുടെ നടപടികളോടു അനുരൂപപ്പെടുത്തുവാൻ ഇപ്പോൾ ചെയ്തുവരുന്ന ശ്രമങ്ങളുടെ ഫലമായി അനേകം പ്രാചീന ഉപദേശാചാരങ്ങളെ സ്വീകരിച്ചുവരുന്നതിനോടുകൂടി അപ്പൊക്രിഫായെയും സ്വീകരിക്കേണ്ടതാണെന്നു ധാരാളം സമ്മതിച്ചുതുടങ്ങിയിരിക്കുന്നു. അംഗ്ലിയാമതസംബന്ധമായ അറിവിനെ പരത്തുവാൻ ശ്രമിച്ചുവരുന്ന എസ. പി. സി. കെ. സംഘക്കാർ അപ്പൊക്രിഫാ കൂടെ ഉൾപ്പെടുത്തി വേദപുസ്തകം അച്ചടിപ്പിച്ചുവരുന്നു എന്നും അപ്പൊക്രിപ്പായും വേദപുസ്തകത്തിൽ ഉൾപ്പെട്ടതായി അംഗ്ലിയാസഭ വിചാരിച്ചുവരുന്നു എന്നും ആ സംഘം സിക്രട്ടെരി ചൎച്ചടൈംസ് എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചു തന്നെ വേറൊരു അംഗ്ലിയാപാദ്രി എഴുതിയിരിക്കുന്നതു കൂടെ കേൾക്കേണ്ടതാണ. അതെന്തെന്നു പറഞ്ഞാൽ:—

"പ്രൊതെസ്റ്റന്റുകാർ പഠിപ്പും വേദപാണ്ഡിത്യവുമുള്ളവരെങ്കിൽ, അപ്പൊക്രിഫാ എന്നു സാധാരണയായി വിളിക്കപ്പെട്ടുന്ന പുസ്തകങ്ങളെ അവർ നിഷേധിക്കുമായിരുന്നതല്ല. എന്തെന്നാൽ ആ പുസ്തകത്തിൽ നിന്നു എത്ര വാക്യങ്ങളാണ പുതിയ നിയമത്തിൽ എടുത്തു പറഞ്ഞിരിക്കുന്നതു. യാക്കോബിന്റെ ലേഖനത്തിൽ തന്നെ ജ്ഞാനം മുതലായ പുസ്തകങ്ങളിൽനിന്നു നാല്പതിൽ കുറയാതെ ഭാഗങ്ങൾ പകൎത്തിയിട്ടുണ്ടു. പുതിയനിയമകൎത്താക്കൾ അപ്പൊക്രിഫായെ ധാരാളം വായിച്ചിരുന്നു എന്നു കാണാം. നമ്മുടെ (അംഗ്ലിയാ സഭയുടെ) പ്രാൎത്ഥനക്രമത്തിൽ അപ്പൊക്രിഫായിൽ നിന്ന എടുത്ത വാക്യങ്ങൾ വളരെയുള്ള നമ്മുടെ ഹൊമിലിയിൽ "തെററുകൂടാത്തതും കപടമില്ലാത്തതുമായ ദൈവവചനം" എന്നു ജ്ഞാനപുസ്തകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു... അതിനാൽ വേദപുസ്തകം വിലയ്ക്കുവാങ്ങുമ്പോൾ വേദപുസ്തകസമൂഹക്കാർ എന്നുപേർ പറയുന്ന കൂട്ടർ ഛേദിച്ചതിനുശേഷം അച്ചടിച്ചിട്ടുള്ള പ്രൊതെസ്റ്റന്റുകാരുടെ ഛിന്നപുസ്തകമാണൊ എന്നു തിട്ടപ്പെടുത്തിവേണം വാങ്ങുവാൻ. പുതിയനിയമകൎത്താക്കളാൽ ഇത്ര ബഹുമാനിക്കപ്പെട്ടിരിക്കുന്ന അപ്പൊക്രിപ്പായെ പ്രൊതെസ്റ്റന്റുകാർ നിന്ദിക്കുന്നതിൽനിന്നു വന്നുകൂടുന്ന തെളിവു എന്തൊന്നു പറഞ്ഞാൽ, കാതൊലിക്കാരുടെ ഉപദേശങ്ങളെക്കാൾ അധികം വേദാനുരൂപങ്ങളായ ഉപദേശങ്ങൾ വേറെ ഇല്ലെന്നും സാധാരണയായി പ്രൊതെസ്റ്റന്റുമതം എന്നു പറയുന്നതിനെക്കാൾ അധികം വേദാനുരൂപമല്ലാത്തതു ഒന്നുമില്ലെന്നുമാകുന്നു. വേദവിരോധങ്ങളെ നീതികരിക്കുവാൻതക്ക വാക്യങ്ങൾ വേദപുസ്തകത്തിൽ നിന്നു എടുത്തു പറവാൻ എളുപ്പമുണ്ടു. എന്നാൽ സഭസംബന്ധമായ ഉപദേശങ്ങൾക്കു വേദപുസ്തകം മുഴുവനിലെയും തത്വജ്ഞാനവും എഴുതപ്പെട്ട വചനങ്ങൾ ആസകലവുമാണ പ്രധാന ആധാരമായിരിക്കേണ്ടതു. അല്ലാതെ ഒരംശമല്ല. ഈ കാലത്തെ പ്രൊതെസ്റ്റന്റു മതം അ

ദ്ധ്നാസ്തികത്വം ആകുന്നു. എന്തെന്നാൽ ശുദ്ധ കുറുബാനായുടെ രഹസ്യത്തിനും മറ്റും എതിരായി അവർ പറയുന്ന യുക്തികൾ കുരിശുമരണം മൂലമുള്ള പാപപരിഹാരത്തിനു എതിരായി നാസ്തികന്മാർ പറയുന്ന യുക്തികൾക്കു തുല്യങ്ങൾ ആകുന്നു. അതിനാൽ നാം അപ്പൊക്രിഫായെ ബഹുമാനിക്കാം. എന്തെന്നാൽ ക്രിസ്തുവും തന്റെ അപ്പൊസ്തൊലന്മാരും എല്ലാകാലത്തും തന്റെ സഭയും അതിനെ ബഹുമാനിച്ചിരിക്കുന്നു”.

മേൽ ചേർത്തിരിക്കുന്നതു ഒരു അംഗ്ലിയാ പാദ്രി എഴുതിയിരിക്കുന്നതാണ. (ചർച്ചടൈംസ മെയിൻ.) ഇനി വേറൊരാംഗ്ലിയാക്കാരൻ പറയുന്നതുകൂടെ കേൾപ്പിൻ.

“അപ്പൊക്രിപ്പായിൽ നിന്ന പുതിയനിയമത്തിൽ ൭൦. സ്ഥലങ്ങളിൽ എടുത്തുപറഞ്ഞിട്ടുള്ള ഭാഗങ്ങളെ ബിഷോപ്പ് വെയർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടല്ലൊ. ശുദ്ധ പൌലൊസ തന്റെ ലേഖനങ്ങളിൽ ഇരുപതു സ്ഥലത്തും എബ്രായക്കാരുടെ ലേഖന കർത്താവു ൯. സ്ഥലത്തും ശുദ്ധ യാക്കോബ ൧൧ സ്ഥലത്തും, ശുദ്ധ പത്രോസ ൨. സ്ഥലത്തും, ശുദ്ധ യോഹന്നാൻ ൩. സ്ഥലത്തും നമ്മുടെ കർത്താവു ൧൦ സ്ഥലത്തും അപ്പൊക്രിപ്പായിൽ നിന്നു എടുത്തു പറഞ്ഞിട്ടുണ്ടു. ഏകദൈവമായ പിതാവു പുത്രൻ പരിശുദ്ധാത്മാവു എന്ന ത്രിത്വ ഉപദേശത്തെ വിശ്വസിപ്പാൻ യഹൂദന്മാരെ ഒരുക്കുന്നതിനു അപ്പൊക്രിപ്പാപോലെ ഉപയോഗപ്പെട്ട പുസ്തകങ്ങൾ വേറെ ഇല്ല. ഉയിർപ്പു, ക്രിസ്തുവിന്റെ കഷ്ടാനുഭവം പരിശുദ്ധാത്മാവിന്റെ വേല ഇവ ഈ പുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടു. പഴയനിയമത്തിലെ തർക്കമില്ലാത്ത പുസ്തകങ്ങളിൽവെച്ചു അഞ്ചു പുസ്തകങ്ങളെ പുതിയ നിയമത്തിൽ സൂചിപ്പിച്ചിട്ടുപോലുമില്ലാതിരിക്കെ, അപ്പൊക്രിപ്പായിൽ ഉൾപ്പെട്ട അഞ്ചു പുസ്തകങ്ങളിൽനിന്ന പുതിയനിയമത്തിൽ എടുത്തുപറഞ്ഞിട്ടുണ്ടു” അടുത്ത മാസത്തിൽ ഉണ്ടാകുവാൻ പോകുന്ന ഏഴാം എഡ്വാർഡ ചക്രവർത്തിയുടെ കിരീടധാരണ സമയം അദ്ദേഹത്തിനു ആർച്ചുബിഷോപ്പു സമർപ്പിക്കയും ചക്രവർത്തിയും ചുംബിക്കയും ചെയ്യുന്ന വേദപുസ്തകം അപ്പൊക്രിപ്പാ കൂടെ ഉൾപ്പെട്ടതായിരിക്കണമെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു.

മേൽ പ്രസ്താവിച്ച സംഗതികൾകൊണ്ടു വേദപുസ്തകസമൂഹക്കാരാൽ അച്ചടിപ്പിക്കപ്പെടുന്ന പുസ്തകത്തിൽ വേദപുസ്തകം മുഴുവൻ ഉൾപ്പെട്ടിട്ടില്ലെന്നും അപ്പൊക്രിഫായും വേദപുസ്തകത്തിന്റെ ഒരുഭാഗമാണെന്നും “അർദ്ധനാസ്തികന്മാരായ” ഒരുശാഖ ഒഴിച്ചു ക്രിസ്ത്യാനിസഭ മുഴുവൻ അങ്ങിനെ വിശ്വസിച്ചുവരുന്നു എന്നും സ്പഷ്ടമായി കാണാമല്ലൊ. ആ സ്ഥിതിക്കു വേദപുസ്തകത്തിന്റെ ഒരംശം മാത്രം സ്വയവ്യാഖ്യാനങ്ങളോടുകൂടെ വായിച്ചിട്ടു വേദം മുഴുവൻ അറിയാമെന്നു ഭാവിക്കയും അപ്പൊസ്തൊലകാലംമുതൽ തുടർച്ചയായി പ്രാചീന സഭകൾ വിശ്വസിച്ചും ആചരിച്ചും വരുന്ന ഉപദേശാചാരങ്ങൾക്കു ഒരു മുറിപ്പുസ്തകത്തിൽ തെളിവു കണ്ടെങ്കിൽമാത്രമെ സമ്മതിപ്പാൻ പാ

ട്ടുള്ളൂ എന്നു പറകയും ചെയ്യുന്നവരുടെ വാദം അടിസ്ഥാനമില്ലാത്തതാകുന്നു സ്പഷ്ടമാകുന്നു. മേൽ പകൎത്തിയിരിക്കുന്ന ഭാഗത്തു ഒരു അംഗ്ലിയാ പാദ്രി പറയുന്നതുപോലെ വേദപുസ്തകം ഒട്ടുക്കുള്ള തത്വജ്ഞാനവും എഴുതപ്പെട്ട ദൈവ വചനം മുഴുവന്റെയും അന്തരാൎത്ഥമാണു ഉപദേശസ്ഥാപനങ്ങൾക്കു ആധാരമായി വിചാരിക്കേണ്ടതു. അല്ലാതെ വല്ലെടത്തും കാണുന്ന ഒററ വാക്യത്തിന്മേൽ അല്ല നാം ആശ്രയിക്കേണ്ടതു. ഈ തത്വപ്രകാരം ആലോചിക്കുമ്പോൾ ഈ കാലത്തെ നവീകരണങ്ങളും രക്ഷയും അടിസ്ഥാനമില്ലാത്ത മതവിപരീതങ്ങളാണെന്നും രക്ഷയ്ക്കു അപ്പൊസ്തോലസഭയുടെ അടിസ്ഥാനത്തിന്മേൽ ഉറച്ചുനിന്നു മേല്പട്ടക്കാർ പട്ടക്കാർ എന്നിവർ മുഖാന്തരമുള്ള കൂദാശകളും പാപമോചനവും പ്രാപിക്കേണ്ടതു ആവശ്യമാണെന്നും വരും.

അതെ, വേദത്തിലെ ഒററ ഒററയായ ചില വാക്യങ്ങളെ ആശ്രയിച്ചു ഭ്രമിക്കുമ്പോൾ ഇപ്പോൾ കാണുന്നപ്രകാരമുള്ള ഇളക്കങ്ങളും മാററങ്ങളും വരുന്നതു ആശ്ചൎയ്യമല്ലെന്നു അംഗ്ലിയാ സഭയുടെ ചരിത്രം നമ്മെ ധാരാളം പഠിപ്പിക്കുന്നുണ്ടു. യൂറോപ്പിലെ നവീകരണത്തിന്റെ ഉത്ഭവവും ഇതുപോലെയായിരുന്നു. നവീകരിച്ചു ചെല്ലുന്തോറും നിലയില്ലന്നവരും. അപ്പോൾ മുമ്പോട്ടും പിമ്പോട്ടും നോട്ടമുണ്ടാകും. അങ്ങിനെ നോക്കിവരുമ്പോൾ ചാട്ടം അബദ്ധമെന്നു കണ്ടിട്ടു വല്ലവിധവും പൂൎവ്വസ്ഥിതിയിൽ എത്തണമെന്നാകും മോഹം. ഇംഗ്ലാണ്ടിലെ നവീകരണം ക്രമേണ ഭേദപ്പെട്ടു പ്രാചീന അപ്പൊസ്തോല നടപടികളെ മുറുകെ പിടിക്കുവാൻ തുടങ്ങിയിരിക്കുന്നു എന്നു നാം കാണുന്നുവല്ലൊ. ഈ നാട്ടിലെ നവീകരണക്കാൎക്കും കടശി വരുന്ന അനുഭവം ഇതുതന്നെയായിരിക്കുമെന്നു ഇപ്പോഴെ നമുക്കു ദീൎഘദൎശനമായി പറയാവുന്നതാണ. പക്ഷെ ആ അനുഭവം കാണ്മാൻ ദീൎഘകാലം വേണ്ടിവന്നേക്കാം. എന്നാലും കടശി അനുഭവം ഇതുതന്നെ എന്നു പറവാൻ ഞങ്ങൾക്കു ഒട്ടും സംശയമില്ല.

---

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്തു.

മലങ്കര ഇടവകയിൽ ഉള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ.

ഇണ്ട്യാ ചക്രവൎത്തിയായ ഏഴാം എഡ്വാൎഡ് മഹാരാജാവു തിരുമനസ്സിലെ കിരീടധാരണ ഘോഷം ഈ ജൂൺ മാസം ൨൬-ാം നു-ക്കു മിഥുനം ൧൨-ാം നു- വ്യാഴാഴ്ചയാണെന്നുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുമെല്ലൊ. ബ്രിട്ടീഷ മഹാരാജ്യം ഒട്ടുക്കു ഒന്നുപോലെ ആഘോഷിക്കുന്ന ഈ മഹോത്സവത്തിൽ എല്ലാകാലത്തും സ്വാമിഭക്തിയിൽ ഒട്ടും പിമ്പന്മാരല്ലാത്ത നമ്മുടെ സമുദായവും പങ്കു കൊള്ളുകയും ചക്രവൎത്തിക്കും ചക്രവൎത്തിനിക്കും രാജകുടുംബത്തിനും വേണ്ടി നമ്മുടെ മനഃപൂൎവ്വപ്രാൎത്ഥനയെ ദൈവതിരുമുമ്പിൽ സമൎപ്പിക്കയും ചെ

യ്യേണ്ടതു നമ്മുടെ കടമയാണെന്നു നാം പ്രത്യേകം പറയേണമെന്നില്ല ല്ലൊ. അതിനാൽ ചക്രവത്തി തിരുമനസ്സുകൊണ്ടു ദീഘകാലം ആയുഷ്മാനായിരുന്നു തന്റെ സംരക്ഷണയിൻ ഭരമെല്പിക്കപ്പെട്ടിരിക്കുന്ന കോടാകോടി ജനങ്ങളെ നീതിയിലും സത്യത്തിലും പരിപാലിക്കുവാൻ തക്കവണ്ണം അവിടെക്കു ആയിസ്സും ആരോഗ്യവും ഐശ്വൎയ്യവും ബുദ്ധിയും വിനയവും ദൈവഭയവും വദ്ധിപ്പിക്കുന്നതിനും അവിടത്തെ ഭരണത്തിൽ ലോകമെങ്ങും പ്രത്യേകം നമ്മുടെ സഭയിലും നിറപ്പും സമാധാനവും നിലനിൎത്തുന്നതിനും വേണ്ടി കിരീടധാരണ ദിവസം എല്ലാ പള്ളികളിലും കുറുബാനയും നമസ്കാരവും ദൈവരിമുമ്പാകെ അണയ്ക്കണമെന്നു ഇതിനാൽ നാം ആജ്ഞാപിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വദ്ധിച്ചിരിക്കുമാറാകട്ടെ

൧൮൭൨-ാമാണ്ട ഇടവമാസം ൨൮-ാം തി-

കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

---

## അയച്ചുതരപ്പെട്ടതിന്റെ തിരിച്ചു ചിലവ്.

ചച്ചമിഷ്യൻ സമുദായം സുറിയാനിക്കാരെ കൈക്കലാക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയ യാതൊരു പ്രയത്നവും ചെയ്യുന്നില്ലെന്നും മറ്റും ഒരു ബിഷോപ്പു പ്രസംഗിച്ചതായി നിങ്ങളുടെ കഴിഞ്ഞ ഒരു പത്രികയിൽ പ്രസ്ഥാപിച്ചിരുന്നതിനെ വായിച്ചു മറവി തീരുന്നതിനുമുമ്പെ അതിന്റെ സത്യത്തെ വെളിപ്പെടുത്തുന്നതായി തങ്കക്കറിയും തൊട്ടു പൊടിപ്പും തൊങ്ങലും വച്ചു ആരുകണ്ടാലും ഒന്നു മോഹിക്കത്തക്കവണ്ണമുള്ള വേഷാകൃതിപൂണ്ട ഒരു ദുരുപദേശക്കുറി ഞങ്ങൾക്കായി അയച്ചുതരപ്പെട്ടതും കിട്ടി, വേഷവും ഭംഗിയും കണ്ടു മുഴുവനും വായിച്ചുനോക്കി. ഈ എഴുത്തിനു ഉടയും പേരും ഇല്ലായിരുന്നു എങ്കിലും അതിന്റെ പുറത്തെ മുദ്രയാൽ അതു കോട്ടയത്തുനിന്നും എന്നും അതിലെ വചനാ ദുരുപദേശത്താൽ അതു മിഷ്യന്റേതു എന്നും മനസ്സിലായി. സത്യമാകുന്ന സ്ഥാനത്തുമേൽ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന പാപപ്പെട്ട സുറിയാനിക്കാരെ തങ്ങളുടെ ഭാഗത്തേക്കു ലയിപ്പിക്കണമെന്നുള്ള കരുതലോടുകൂടിയ എഴുത്തിന്റെ ചുരുക്കം താഴെ ചേക്കുന്നു.

അതിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നതു ഏക മദ്ധ്യസ്ഥൻ- ൧. തി. ൨. ൩. എബ്രാ. ൻ. ൧൪. ൧൫. ൭. ൧൧. ൨൭. ൨൨.

ഇവയെ എല്ലാം ചമച്ച് ഞങ്ങൾക്കായി അയച്ചതു ഞങ്ങളുടെ വിശ്വാസം അതല്ലാ എന്നോ ക്രിസ്തു ഇല്ലാ എന്നോ മദ്ധ്യസ്ഥത പറയുന്നില്ലെന്നോ തങ്ങളുടെ എഴുത്താൽ ക്രിസ്തുവാകുന്ന മദ്ധ്യസ്ഥനെ കാണിപ്പാനായിട്ടോ എന്തോ, ടി. എഴുത്തിന്റെ ൨-ാം ഭാഗം വായിച്ചാൽ തങ്ങളുടെ വിഷം ഏതെന്നും ഉദ്ദേശം എന്തെന്നും സ്പഷ്ടമാകും. കാനായിലെ കല്യാണവിരുന്നിൽ തന്റെ മാതാവ് അപേക്ഷിച്ചു അപേക്ഷയെ താൻ നിരസിച്ചു എന്നും തനിക്കും അവൾക്കും തമ്മിൽ യാതൊരു സംബന്ധമില്ലെന്നും അതിനാൽ മാതാവിന്റെ അപേക്ഷ ആവശ്യ

മില്ലന്നും മറ്റും ആ എഴുത്തിൽ പ്രസ്ഥാപിച്ചിരിക്കുന്നതിനാൽ എഴുത്തിന്റെ താല്പൎയ്യം മനസ്സിലാകുന്നു. ക്രിസ്തു ആകുന്ന ഏക മദ്ധ്യസ്ഥനുണ്ടെന്നും അതിനാൽ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാൎത്ഥിച്ചിട്ടു ആവശ്യമില്ലന്നും പരിശുദ്ധന്മാരുടെ അപേക്ഷ സഫലീകരിക്കുന്നതല്ലന്നും ടി. വാക്യത്താൽ സാധുക്കളായ ജനങ്ങളെ പഠിപ്പിക്കണമെന്നുള്ളതാകുന്നു തങ്ങളുടെ താല്പൎയ്യം- സ്ത്രീയെ ഇനിക്കും നിനക്കും തമ്മിൽ എന്തെന്നും മറ്റും വേദവാക്യങ്ങളെ മാർപാടാക്കി തന്നിമിത്തം ഒരു സ്ത്രീയോ, ഒരു വരിയോ ഭേദപ്പെടുത്തുന്നവൻ സ്വൎഗ്ഗരാജ്യത്തിൽ കുറയപ്പെട്ടവനായിരിക്കുമെന്നുള്ള തന്റെ വചനത്തെ നിറവേറ്റുവാൻ പാടുപെടുന്ന മഹത്തുക്കളുടെ ബുദ്ധിശക്തിയെ കുറിച്ചു അത്ഭുതപ്പെടുകയല്ലാതെ എന്താണ ചെയ്യേണ്ടതു, പിന്നീട് പറഞ്ഞിരിക്കുന്നതു മാതാപേക്ഷയെ സാധിച്ചില്ലന്നും അതുകൊണ്ടു അപേക്ഷ ആവശ്യമില്ലന്നുമാണ. ആ വിരുന്നുഭവനക്കാരൻ തന്റെ അടുക്കൽവന്നപേക്ഷിച്ചതായി വേദത്തിൽ കാണാത്തതിനാൽ ആരുടെ അപേക്ഷകൊണ്ടു വെള്ളത്തെ വീഞ്ഞാക്കി എന്നുള്ളതു നിങ്ങൾതന്നെ വിധിപ്പീൻ. തന്റെ മാതാവിന്റെ അപേക്ഷയെ കൈക്കൊണ്ടു വിരുന്നുകാരെ സന്തുഷ്ടിപ്പെടുത്തി എന്നുള്ള സത്യത്തെ ഒളിച്ചുവയ്യവാൻ മുനാക്കിയ ബീ-ഏ- കാരന്റെ ജ്ഞാനം എത്ര വലുത്. ഇരുട്ടുംകൊണ്ടു ഉരുട്ടയടച്ചാൽ വെളിച്ചം വരുമ്പോൾ തെളിയും. ഇക്കാലത്തു ചില വിദ്വാന്മാർ മാതാപിതാക്കളെ ബഹുമാനിക്കുന്നതിലും സ്നേഹിക്കുന്നതിലും ദാക്ഷിണ്യമായിരിക്കുന്നപ്രകാരം താനല്ല എന്നുള്ളതു സ്പഷ്ടമായ കാൎയ്യമാണ. മദ്ധ്യസ്ഥനായ ക്രിസ്തുയേശു ഉള്ളതിനാൽ തമ്മിൽ തമ്മിൽ പ്രാൎത്ഥിച്ചിട്ടു ആവശ്യമില്ലന്നു പറഞ്ഞ സാധുക്കളെ തട്ടിക്കുന്ന മിഷ്യനെ വേദം മുഴുവനും കൂട്ടികെട്ടിയിരിക്കുന്ന സ്നേഹമെന്ന വിശിഷ്ടവസ്തുവിനെ ഉപേക്ഷിച്ചു സത്യസുറിയാനിക്കാരെ മരണപ്പാത്രം കുടിപ്പിപ്പാൻ സദാ ഉത്സാഹിക്കയും തങ്ങൾ കുറ്റമില്ലാത്തവരെന്നും മറ്റും പറഞ്ഞു ശഠിക്കുകയും ചെയ്യുന്നതിൽ എത്രത്തോളം വാസ്തവമുണ്ടു. മിശിഹായിൽ വിശ്വസിച്ചു സത്യ അടിസ്ഥാനത്തിനു സ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യസഭയിൽ ദുൎമ്മാൎഗ്ഗം കയറുവാൻ എഴുത്തയക്കുകയും കമ്പിയടിക്കുകയും അന്യടിസ്ഥാനത്തുമ്മേൽ ഞങ്ങൾ പണിയുന്നില്ലന്നും അതിൽ വിരുദ്ധമുണ്ടാകുന്നില്ലന്നും ധീരതയോടു കൈകൊട്ടി പ്രസംഗിച്ചു ജയഘോഷം കൊള്ളുന്ന കൊമ്പൻമീശക്കാരന്റെയും ചെമ്പൻമീശക്കാരന്റെയും ഹൃദയം ഏതെന്നും പ്രവൃത്തി എന്തെന്നും വിശ്വാസം എന്തെന്നും അറിയേണ്ടതും ആത്മാക്കളെ ചേൎത്തിരിക്കേണ്ടതും ഇതിനാലത്രെ ഇങ്ങനെയൊക്കെ പ്രയത്നിച്ചാലും, കുന്നന്മാരെയൊ മണ്ണന്മാരേയൊ കൈവശത്തിലാകാമെന്നല്ലാതെ, ഞങ്ങളിൽകൊണ്ടൊന്നും വീണുപോകയില്ലന്നും അതുകൊണ്ടു ഈ പാറയിന്മേൽ കടിച്ചു പല്ലു കളയണ്ടാ എന്നും- മാന്യപത്രാധിപരെ, നിങ്ങളുടെ അയൽക്കാരോടു ഒന്നു ഗുണദോഷിക്കണമെന്ന അപേക്ഷിച്ചുകൊള്ളുന്നു.

കുറികിട്ടിയ ഒരുത്തൻ.

മാർ ദീവന്നാസ്യോസ് സിമ്മനാരി — ഈ മാസം ൩-ാം നു- തുറന്നു പഠിത്തം വീണ്ടും ആരംഭിച്ചിരിക്കുന്നു.

❖ ❖ ❖

വട്ടിപ്പണക്കേസ് — ഇതിന്റെ അപ്പീൽ അവധി കഴിഞ്ഞിരിക്കുന്നു. എതൃകക്ഷികൾ അപ്പീൽ കൊടുത്തിട്ടില്ലെന്നു അറിയുന്നു. വിളംബാവധി അവസാനവിധിയായിത്തീർന്നിരിക്കുന്നു. ഇത്രത്തോളമെങ്കിലും അവർക്കു അടക്കം ഉണ്ടായതു ഭാഗ്യം തന്നെ.

❖ ❖ ❖

ദക്ഷിണാഫ്രിക്കയിലെ യുദ്ധം അവസാനിച്ചിരിക്കുന്നു. സമാധാന ഉടമ്പടി കഴിഞ്ഞ ശനിയാഴ്ച എഴുതി ഇരുകക്ഷികളും ഒപ്പു വെച്ചതായും ലണ്ടനിലെ ജനസാമാന്യത്തിന്റെ ഇടയിൽ ഉള്ള ആഹ്ലാദം അപരിമിതമാണെന്നും കമ്പിവർത്തമാനത്തിൽ കാണുന്നു.

❖ ❖ ❖

പുതിയ പള്ളിക്കൂടം — നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളുടെ പരിശ്രമത്താൽ തിരുവല്ലായിൽ ഒരു പുതിയ ഇംഗ്ലീഷ പള്ളിക്കൂടം സ്ഥാപിക്കുന്നതിനു സ്ഥലം വാങ്ങുകയും കണ്ടെഴുത്തു ദിവാൻ പെഷ്ക്കാർ നാഗമയ്യാ അവർകൾ അടിസ്ഥാനക്കല്ലു സ്ഥാപിക്കുകയും പണി ആരംഭിക്കയും ചെയ്തിരിക്കുന്നതായി അറിയുന്നു.

❖ ❖ ❖

പരിശുദ്ധന്മാർ — ഇവർ സർവ്വവ്യാപികൾ ആണോ, ഇവരുടെ ചെവിക്കു ഇത്ര വരെ നീളമുണ്ടോ എന്നു പണ്ടൊരിക്കൽ മലയാളമിത്രത്തിൽ ഒന്നു രണ്ടു ചോദ്യങ്ങൾ കണ്ടതായി ഓർക്കുന്നു. ഭൂമിയിലെ സകല സംഭവങ്ങളും അവർ അറിയുന്നു എന്നു മിത്രം ഇപ്പോൾ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു പരിശുദ്ധന്മാരുടെ ചെവിയുടെ നീളം ഇപ്പോൾ മിത്രം അളന്നു തിട്ടപ്പെടുത്തിയതായി കാണുന്നതിൽ സന്തോഷിക്കുന്നു എന്നു ഒരു ലേഖകൻ എഴുതിയിരിക്കുന്നു.

❖ ❖ ❖

അയ്യമ്പിള്ളി പുത്തൻപള്ളി ഇടവകക്കാർ ഒട്ടുക്ക ചേർന്നു ദി. ശ്രീ. കൊച്ചുപൗലോസു റമ്പാച്ചനു ഒരു കാപ്പയും, ഓരോ കുടുംബക്കാരുടെ പ്രത്യേക സമ്മാനമായി കാസാ, ധൂപക്കുറ്റി, പുറംകുപ്പായം, മുതലായതുകളും ഉണ്ടാക്കിച്ചു കൊടുത്തിരിക്കുന്നതായി അറിയുന്നു. കൊച്ചുപൗലോസു റമ്പാച്ചനോടുള്ള അവരുടെ പഴയ സ്നേഹത്തെയും അവകാശത്തെയും മറക്കാതെ അയ്യമ്പിള്ളി ഇടവകജനങ്ങൾ ചെയ്ത ഈ ഉചിതപ്രവൃത്തി ശ്ലാഘനീയം തന്നെ.

❖ ❖ ❖

കഴിഞ്ഞ മീനമാസത്തിലെ പത്രികയിൽ "രഹസ്യമായ ഒരാലോചന" എന്ന തലവാചകം കൊടുത്തു ജെ. സി. അവർകൾ വടക്കരെ സംബന്ധിച്ച ചില സൂചനകൾ പറകയുണ്ടായിട്ടുണ്ടല്ലൊ. പ്രസ്തുത ലേഖനത്തിൽ പറയുന്ന "വടക്കർ" എന്ന പദം ആരെ ഉദ്ദേശിച്ചാണെന്നു മനസ്സിലാകുന്നില്ല. യാക്കോബായ സുറിയാനിക്കാരെ ഉദ്ദേശിച്ചോ? റി. സമാജത്തെ ഉദ്ദേശിച്ചെങ്കിൽ വടക്കർ എന്നു താങ്കൾ വിചാരിക്കുന്നവരുടെ തെക്കെ അതൃത്തി, വടക്കെ അതൃത്തി, ഇവകൾ ഏതെല്ലാമാകുന്നു എന്നു മനസ്സിലാക്കിത്തന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ടു. സി. പി. കെ.

❖ ❖ ❖

മരണം — മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ ഒരു അദ്ധ്യാപകനായിരുന്ന മിസ്റ്റർ കെ. സി. ഉണ്ണിട്ടൻ ഇടവമാസം ൨൫-ാം നു- വെളിയനാട്ടു സ്വഭവനത്തുവെച്ചു വിഷൂചികാരോഗത്താൽ പരലോകപ്രാപ്തനായ വ്യസനകരമായ വർത്തമാനം വായനക്കാർ കേട്ടിരിപ്പാൻ ഇടയുണ്ടല്ലൊ. മലയാള സുറിയാനിക്കാരിൽ തെക്കുംഭാഗശാഖയിൽനിന്നു ഇദംപ്രഥമമായി ബി. എ. പാസായ ഈ ദേഹം സൌശീല്യാദി ഗുണങ്ങളാൽ തന്നെ ഒരിക്കൽ എങ്കിലും കണ്ടുപരിചയിച്ചിട്ടുള്ള ഏവരാലും ഒന്നുപോലെ ആദരണീയനായിരുന്നു. മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ അഞ്ചു വർഷത്തോളം അദ്ധ്യാപകജോലി വഹിച്ചതിൽ കുട്ടികളുടേയും കൂട്ടുവാദ്ധ്യാന്മാരുടേയും തൃപ്തിയും ഒരു നല്ല അദ്ധ്യാപകനെന്നുള്ള പേരും സമ്പാദിച്ചിരുന്നു. ഇദ്ദേഹം സമുദായക്ഷേമത്തിൽ ഉള്ള തല്പരത ഒന്നുമാത്രത്താൽ ഒരു വർഷം സിമ്മനാരിയിൽനിന്നു ശമ്പളം വാങ്ങാതെ ചിലവു മാത്രം പററിക്കൊണ്ടു ജോലി നോക്കിയ ആൾ ആയിരുന്നു. അടുത്ത ആണ്ടിൽ എൽ. ടി. പരീക്ഷയിൽ ചേരുവാൻ വായിച്ചുകൊണ്ടിരിക്കയായിരുന്നു. ഇദ്ദേഹത്തിന്റെ വിയോഗം സിമ്മനാരിക്കു പ്രത്യേകിച്ചും സമുദായത്തിനു പൊതുവിലും ഒരു നഷ്ടമാണെന്നു പറവാൻ സംശയമില്ല.